പീപ്പിൾസ് റിവ്യൂ

Estd : 2007

2026 നവംബർ 23 തിങ്കൾ

സത്യത്തിന് സാക്ഷി ധർമത്തിന് പാതയിൽ

www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 5 രൂപ

എഫ്ട്യൂൺ നിർമാതാക്കൾക്കെതിരെ എഫ്ഐആർ ഇട്ട് പൊലീസ്

മലപ്പുറം: മെർക്കുറി സാന്നിധ്യമുള്ള ഫെയർനെസ് ക്രീം ഉപയോഗിച്ചതിലൂടെ പെൺകുട്ടിക്ക് വൃക്കരോഗം ബാധിച്ചതിൽ എഫ്ട്യൂൺ നിർമാതാക്കൾക്കെതിരെ എഫ്ഐആർ ഇട്ട് പൊലീസ്. ജീവന് അപകടമുണ്ടാക്കുമെന്ന് അറിഞ്ഞിട്ടും അമിത അളവിൽ മെർക്കുറി അടങ്ങിയ ക്രീം വിപണിയിലെത്തിച്ചെന്നാണ് എഫ്ഐആറിലുള്ളത്. കമ്പനിക്കെതിരെ അരീക്കോട് പൊലീസ് കേസെടുത്തിരുന്നു. ക്രീം നിർമാതാക്കളെ പ്രതി ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

പെൺകുട്ടിയുടെ മൊഴി വിശദമായി രേഖപ്പെടുത്തിയതിന് പിന്നാലെയാണ് അരീക്കോട് പൊലീസ് കേസെടുത്തത്. അമിത മെർക്കുറി സാന്നിധ്യമുള്ള ക്രീമിന്റെ ഇരയായി, താനും മെമ്പ്രാനസ് നെഫ്രോപ്പതി ബാധിതനായെന്ന് മാപ്പിളപ്പാട്ട് ഗായകൻ സലീം കോടത്തൂർ പറഞ്ഞിരുന്നു.

ആരോഗ്യ പ്രശ്നങ്ങൾ നേരിട്ട പെൺകുട്ടിയിൽ നിന്ന് മൂന്ന് മണിക്കൂറോളം നീണ്ട വിശദമായ മൊഴിയെടുത്തതിനുശേഷമാണ് ഫേസ്ട്യൂൺ എന്ന ഫെയർനെസ് ക്രീമിനെതിരെ അരീക്കോട് പൊലീസ് കേസെടുത്തത്. കേസുമായി മുന്നോട്ട് പോകാൻ തന്നെയാണ് തീരുമാനമെന്നും ക്രീം ഉപയോഗിക്കുന്ന മറ്റുള്ളവരെങ്കിലും രക്ഷപ്പെടട്ടെ എന്നും പെൺകുട്ടി പറയുന്നു. താനും ഒരു മെർക്കുറി നിർമിത ഫേസ് ക്രീമിന്റെ ഇരയാണെന്ന് വെളിപ്പെടുത്തി പ്രമുഖ മാപ്പിളപ്പാട്ട് ഗായകൻ സലീം കോടത്തൂരും ഇന്ന് രാവിലെ രംഗത്തെത്തിയിരുന്നു. സുഹൃത്ത് പരിചയപ്പെടുത്തിയ ക്രീം ഉപയോഗിച്ചതുമൂലം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിട്ടതായി സലീം കോടത്തൂർ പറഞ്ഞു.

സംഭവത്തിൻറെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സൗന്ദര്യവർധക വസ്തുക്കളും പ്രോട്ടീൻ പൊടികളും വിൽക്കുന്നത് തടയാൻ വ്യാപക പരിശോധനയ്ക്ക് ആരോഗ്യമന്ത്രി കെ.മുരളീധരൻ നിർദേശം നൽകിയിട്ടുണ്ട്. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന വ്ളോഗർമാർക്കെതിരെ കർശന നടപടിക്ക് നിർദേശമുണ്ട്.

എല്ലാ ജില്ലകളിലും വ്യാപക പരിശോധന നടത്താൻ സംസ്ഥാന ഡ്രഗ്സ് കൺട്രോളർക്ക് മന്ത്രി മുരളീധരൻ നിർദ്ദേശം നൽകി. അംഗീകാരമില്ലാത്ത ഇത്തരം വസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് സ്ഥിരമായി റദ്ദാക്കും. മംഗലാപുരം - കാസർകോട് കേന്ദ്രീകരിച്ച് ഇത്തരം വസ്തുക്കൾ സംസ്ഥാനത്ത് ഓൺലൈനായി വിറ്റഴിക്കുന്നതായാണ് വിവരം.

വ്യക്ക, കരൾ, ഞരമ്പ് സംബന്ധമായ രോഗങ്ങൾക്കും സ്കിൻ കാൻസറിനും ഇത്തരം വസ്തുക്കൾ കാരണമാകുന്നതായി ഡോക്ടർമാർ പറയുന്നു.

സസ്പെൻഷൻ റദ്ദാക്കി, കാലടിയിലെ വിദ്യാർഥികൾക്ക് പ്രത്യേകം പരീക്ഷ നടത്തണമെന്ന് ഹൈക്കോടതി



കൊച്ചി: കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ സസ്പെൻഷനിലായ വിദ്യാർഥികൾക്കായി പ്രത്യേകം പരീക്ഷ നടത്തണമെന്ന് ഉത്തരവിട്ട് ഹൈക്കോടതി. വിദ്യാർഥികളുടെ സസ്പെൻഷൻ റദ്ദാക്കുകയും ചെയ്തു. സർവകലാശാലക്കും വിസി ഡോ. സിസ തോമസിനും കനത്ത തിരിച്ചടിയായി കോടതി വിധി. വിധിക്ക് പിന്നാലെ സർവകലാശാലയിൽ എസ്എഫ്ഐ നേതൃത്വത്തിൽ നടന്നുവന്ന സമരം അവസാനിപ്പിച്ചു.

വിദ്യാർഥികൾക്ക് കാമ്പസിൽ പ്രവേശിക്കാമെന്ന് കോടതി ഉത്തരവിൽ പറഞ്ഞു. മൂന്നാഴ്ച പതിവ് ക്ലാസുകളിൽ പങ്കെടുക്കാം. ആറ് ആഴ്ചയ്ക്കകം പ്രത്യേക പരീക്ഷ നടത്തണം. സർവകലാശാലയ്ക്ക് താൽപര്യമെങ്കിൽ പുതിയ അന്വേഷണമാകാം. അതിന് വിധി തടസമല്ല. എന്നാൽ, വിദ്യാർത്ഥികളെ വീണ്ടും സസ്പെൻഡ് ചെയ്യരുത്. വിദ്യാർത്ഥികൾ ശിക്ഷിക്കപ്പെട്ടാൽ 84 ദിവസത്തെ സസ്പെൻഷൻ പരിഗണിക്കണം. പ്രത്യേക പരീക്ഷ നടത്താമെന്നാണ് സർവകലാശാല സുപ്രിംകോടതിയിൽ നൽകിയ ഉറപ്പ്. പ്രത്യേക പരീക്ഷ നടത്താതിരിക്കാൻ ശിക്ഷാനടപടി കാരണമല്ലെന്നും ഹൈക്കോടതി പറഞ്ഞു.പരീക്ഷ എഴുതാൻ അനുമതി ആവശ്യപ്പെട്ട് വിദ്യാർഥികൾ നൽകിയ ഹരജിയാണ് ജസ്റ്റിസ് പി.വി കുഞ്ഞികൃഷ്ണന്റെ ബെഞ്ച് ഇന്ന് പരിഗണിച്ചത്. സസ്പെൻഷൻ നടപടികൾ നിയമപരമായ നടപടിക്രമങ്ങൾ പാലിക്കാതെയാണെന്ന് വിദ്യാർഥികൾ വാദിച്ചിരുന്നു.

അതേസമയം, ഖേദം പ്രകടിപ്പിച്ചാൽ 12 പേരുടെ സസ്പെൻഷൻ പിൻവലിക്കാമെന്നായിരുന്നു സർവകലാശാലയുടെ നിലപാട്. എന്നാൽ, മാപ്പ് പറയണമെന്ന നിബന്ധന ചട്ടവിരുദ്ധമാണെന്നും, പ്രസ്തുത ഉത്തരവുകൾ റദ്ദാക്കണമെന്നും വിദ്യാർഥികൾ കോടതിയിൽ ആവശ്യപ്പെട്ടിരുന്നു.

ആഗസ്റ്റ് 13ന് സർവകലാശാല സിൻഡിക്കറ്റ് യോഗത്തിനിടെ നടന്ന പ്രതിഷേധങ്ങളെ തുടർന്നാണ് 16 വിദ്യാർഥികളെ സസ്പെൻഡ് ചെയ്തത്. മൂന്ന് മാസം കഴിഞ്ഞിട്ടും സസ്പെൻഷൻ പിൻവലിച്ചിരുന്നില്ല. സസ്പെൻഡ് ചെയ്യപ്പെട്ട 16ൽ 10 വിദ്യാർഥികളാണ് പരീക്ഷ എഴുതാനുള്ളത്. വിദ്യാർഥികൾ വി.സി ഡോ. സിസ തോമസിനെ പ്രതീകാത്മകമായി ദഹിപ്പിച്ചെന്നും കൈയേറ്റംചെയ്യാൻ ശ്രമിച്ചെന്നുമാണ് സർവ്വകലാശാലയുടെ പരാതി.

പഠനപ്രവർത്തനങ്ങളുടെ ഭാഗമായ ലൈറ്റ് നന്നാക്കാത്തതിൽ പ്രതിഷേധിച്ച് വിളക്കിന്റെ പ്രതീകാത്മക സംസ്കാരമാണ് നടത്തിയതെന്നാണ് വിദ്യാർഥികളുടെ വാദം.

1.8 കോടി ഷറഫലിയുടെയും ബന്ധുക്കളുടെയും അക്കൗണ്ടുകളിലേക്ക് മാറ്റി

മെസ്സി തട്ടിപ്പിൽ കൂടുതൽ തെളിവുകൾ



കൊച്ചി: മെസ്സിയുടെ പേരിലെ തട്ടിപ്പിൽ സ്പോർട്സ് കൗൺസിൽ മുൻ അധ്യക്ഷൻ യു. ഷറഫലിക്കെതിരെ കൂടുതൽ തെളിവുകൾ. റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിങ് കമ്പനി ഷറഫലിയുടെ നോവസ് സോക്കർ അക്കാദമിക്ക് നൽകിയ തുക ഷറഫലിയുടെയും ബന്ധുക്കളുടെയും അക്കൗണ്ടുകളിലേക്ക് മാറ്റിയെന്നാണ് കണ്ടെത്തൽ.

1.8 കോടി രൂപ ഷറഫലിയുടെയും ബന്ധുക്കളുടെയും അക്കൗണ്ടിലേക്ക് മാറ്റിയതിന്റെ തെളിവുകളാണ് എസ്ഐടിക്ക് ലഭിച്ചത്. സ്വന്തം അക്കൗണ്ടുകളിലേക്ക് മാറ്റിയത് തുകയെത്തി പതിനൊന്നാം ദിവസമാണെന്നും കണ്ടെത്തിയിട്ടുണ്ട്. കരാറിൽ സാക്ഷിയായി ഒപ്പിട്ടതിനുള്ള പ്രതിഫലമായാണ് അക്കാദമിക്ക് രണ്ടുകോടി രൂപ നൽകിയതെന്നാണ് പ്രത്യേക അന്വേഷണസംഘത്തിന്റെ വിലയിരുത്തൽ. ഷറഫലിയുടെ നോവസ് സോക്കർ അക്കാദമിയുടെ അക്കൗണ്ടിലേക്ക് ആയിരുന്നു ആർബിസി പണം അയച്ചിരുന്നത്. ഷെയർ ഓഹരി എന്നായിരുന്നു ഷറഫലിയുടെയും ആന്റോയുടെയും വാദം.

റിപ്പോർട്ടർ കമ്പനി നൽകിയ പണം ഷെയർ ആണെന്ന ഷറഫലിയുടെ വാദം പൊളിഞ്ഞിരിക്കുകയാണ്. പണം വാങ്ങി 6 മാസത്തിനകം ഷെയർ അലോട്ട് ചെയ്യണമെന്നാണ് ചട്ടം. എന്നാൽ, ഷെയർ അലോട്ട് ചെയ്യാനോ സഞ്ചിത മൂലധനം വർധിപ്പിക്കാനോ നടപടി തുടങ്ങിയില്ലെന്നും ഷെയർ അപ്ലിക്കേഷൻ തുക പ്രത്യേക അക്കൗണ്ടിൽ വാങ്ങണം എന്നതടക്കമുള്ള നടപടികളും പാലിച്ചില്ലെന്നും അന്വേഷണ സംഘം കണ്ടെത്തിയിട്ടുണ്ട്. ഷെയർ അലോട്ട് ചെയ്യുന്നതടക്കം പിന്നീട് ചെയ്യാനാണ് തീരുമാനിച്ചതെന്നാണ് ഷറഫലിയുടെ വിശദീകരണം. താൻ അക്കാദമിയുടെ പേരിലാണ് പണം വാങ്ങിയതെന്ന് ഷറഫലി വാദിക്കുന്നുണ്ടെങ്കിലും, ആ പണം സ്വന്തം അക്കൗണ്ടുകളിലേക്ക് മാറ്റിയതിനെക്കുറിച്ച് കൃത്യമായ മറുപടി നൽകാൻ അദ്ദേഹം ബുദ്ധിമുട്ടും.

സ്പോർട്സ് കൗൺസിൽ മുൻ പ്രസിഡന്റ് യു.ഷറഫലിയുടെ അക്കാദമിക്ക്, റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിങ് രണ്ട് കോടി രൂപ നൽകിയെന്ന് എസ്ഐടിയുടെ കണ്ടെത്തൽ. അർജന്റീന ഫുട്ബോൾ ടീമിനെ കേരളത്തിലെത്തിക്കുമെന്ന പേരിൽ നടന്ന ഇടപാടുമായി ബന്ധപ്പെട്ടുള്ള അന്വേഷണത്തിനിടെയാണ് എഡിജിപി പി.വിജയന്റെ നേതൃത്വത്തിലുള്ള എസ്ഐടി രേഖകൾ കണ്ടെത്തിയത്. മെസിയുടെ പേരിൽ നടത്തിയ തട്ടിപ്പിന്റെ കരാറിൽ സാക്ഷിയായതിന്റെ പ്രതിഫലമാണ് ഈ തുകയെന്നാണ് എസ്ഐടിയുടെ വിലയിരുത്തൽ. മലപ്പുറം അരിക്കോട്ടെ നോവസ് സോക്കർ അക്കാദമിയുടെ പേരിലാണ് പണം കൈമാറിയത്. രണ്ട് ഡയറക്ടർമാർ മാത്രമുള്ള അക്കാദമിയുടെ മാനേജിങ് ഡയറക്ടറാണ് യു.ഷറഫലി.

മുൻ കായികമന്ത്രി വി. അബ്ദുറഹിമാനെയും ഷറഫലിയെയും പ്രതിചേർത്ത് അന്വേഷണം നടത്താൻ സർക്കാർ ഉത്തരവിട്ടതിന് പിന്നാലെയാണ് നിർണായക കണ്ടെത്തൽ. സംസ്ഥാന സർക്കാരിന്റെ അനുമതി ലഭിക്കും മുൻപേ, സ്പോൺസറും അർജന്റീന ഫുട്ബോൾ അസോസിയേഷനും തമ്മിലുണ്ടാക്കിയ കരാറിൽ സാക്ഷിയായി ഷറഫലി ഒപ്പിട്ടതായി അന്വേഷണസംഘം കണ്ടെത്തിരുന്നു. ഫുട്ബോൾ പ്രേമിയെന്ന നിലയിൽ ഒപ്പിട്ടെന്നായിരുന്നു ഷറഫലിയുടെ മൊഴി. അതിനപ്പുറത്തേക്ക് ഒരു താത്പര്യവും തനിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു. എന്നാൽ കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റായിരുന്ന ഷറഫലി ഈ മേൽവിലാസം ഉപയോഗിച്ചാണ് കരാറിന്റെ ഭാഗമായതെന്നാണ് അന്വേഷണസംഘത്തിന്റെ കണ്ടെത്തൽ.

ഇതിനുള്ള പ്രതിഫലമായാണ് രണ്ട് കോടി രൂപ നൽകിയതെന്നാണ് എസ്ഐടിയുടെ നിഗമനം. അതിനാൽ യു.ഷറഫലിയെ കൂടി കേസിൽ പ്രതിചേർക്കാനുള്ള തീരുമാനത്തിലാണ് എസ്ഐടി.

ധനരാജ് വധം

ആദ്യ മൂന്ന് പ്രതികൾ മാത്രം കുറ്റക്കാർ, മറ്റ് 16 പ്രതികളെയും വെറുതെവിട്ടു

കണ്ണൂർ: പയ്യന്നൂരിലെ സിപിഎം പ്രവർത്തകൻ സി.വി ധനരാജിനെ വെട്ടിക്കൊലപ്പെടുത്തിയ കേസിൽ ആദ്യ മൂന്ന് പ്രതികൾ മാത്രം കുറ്റക്കാരെന്ന് കോടതി.

ആദ്യ മൂന്നു പ്രതികളായ ടി.പി ബിജു, എം. വിപിൻ, എം. വൈശാഖ് എന്നിവരാണ് കുറ്റക്കാർ.

വൈശാഖും വിപിനും സഹോദരങ്ങളാണ്. മറ്റ് 16 പ്രതികളെയും സംശയത്തിന്റെ ആനുകൂല്യം നൽകി വെറുതെവിട്ടു. ഗൂഢാലോചന തെളിയിക്കാൻ പ്രോസിക്യൂഷന് സാധിച്ചില്ലെന്ന് കോടതി പറഞ്ഞു. ബിജെപി-ആർഎസ്എസ് പ്രവർത്തകരായ ഇരുപത് പേരാണ് കേസിലെ പ്രതികൾ. തളിപ്പറമ്പ് അഡീഷണൽ സെഷൻസ് കോടതിയാണ് വിധി പറഞ്ഞത്.

ആകെ 20 പ്രതികളാണ് കേസിലുണ്ടായിരുന്നത്. കേസിലെ പന്ത്രണ്ടാം പ്രതി ചൂരക്കാട് ബിജു ഒരു വർഷത്തിനു ശേഷം കൊല്ലപ്പെട്ടിരുന്നു.

കുറ്റക്കാരായ പ്രതികൾക്ക് മറ്റന്നാൾ ശിക്ഷ വിധിക്കും.

സിപിഎം പ്രവർത്തകനായിരുന്ന സി.വി ധനരാജിനെ 2016 ജൂലൈ 11നാണ് വെട്ടിക്കൊലപ്പെടുത്തിയത്. വീട്ടിലേക്ക് വരികയായിരുന്ന ധനരാജിനെ രാത്രി 9.45ഓടെ രണ്ടു ബൈക്കുകളിലായി ആർഎസ്എസ് -ബിജെപി പ്രവർത്തകർ പിന്തുടർന്ന് വീട്ടിലെ സമീപത്ത് വെച്ച് വെട്ടുകയായിരുന്നുവെന്നാണ് കേസ്. വീട്ടിലേക്ക് ഓടിക്കയറിയ ധനരാജിനെ വീടിന്റെ പുറകു വശത്തുവെച്ച് വെട്ടി വീഴ്ത്തി.



അമ്മയുടേയും ഭാര്യയുടേയും മുന്നിലിട്ടായിരുന്നു ക്രൂര കൊലപാതകം.

രാഷ്ട്രീയ വിരോധം മൂലം ആർഎസ്എസ് -ബിജെപി പ്രവർത്തകരായ 20 പേർ ചേർന്ന് ആസൂത്രണം നടത്തി കൊലപ്പെടുത്തുകയായിരുന്നു എന്നാണ് കേസ്. 2016 ജൂൺ 25ന് കക്കമ്പാറ മുത്തപ്പൻ ക്ഷേത്രത്തിന് സമീപവും, പിന്നീട് പയ്യന്നൂർ ആർഎസ്എസ് കാര്യാലയത്തിന് സമീപത്തു വെച്ചും രണ്ട് ഘട്ടങ്ങളിലായി ഗൂഢാലോചന നടന്നതായാണ് പ്രോസിക്യൂഷൻ വാദിച്ചത്.

എന്നാൽ, ഗൂഢാലോചന നടത്തിയതിന് തെളിവ് നൽകാൻ പ്രോസിക്യൂഷന് സാധിച്ചില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. ഒന്നാം സാക്ഷിയുടെ മൊഴി വിശ്വാസയോഗ്യമല്ലെന്നും കോടതി ചൂണ്ടിക്കാട്ടി.

പി ജയരാജനെതിരെ പാർട്ടിയിൽ ഗുരുതര പരാതി; അന്വേഷണ കമ്മീഷനെ വെച്ച് സിപിഎം

തിരുവനന്തപുരം: സിപിഎമ്മിൽ മുതിർന്ന നേതാക്കളായ ഇ.പി ജയരാജനും പി.ജയരാജനും തമ്മിലെ തർക്കം പുതിയ തലത്തിലേക്ക്. ഇ.പി ജയരാജനുമായി ബന്ധപ്പെട്ട വൈദേഹം റിസോർട് വിവാദവും പി.ജയരാജനെതിരെ ഉയർന്ന കൂട്ടക്ഷേപങ്ങളുമായുള്ള ബന്ധവും അന്വേഷിക്കാൻ പാർട്ടി കമ്മീഷനെ നിയമിച്ചു. സിപിഎം സംസ്ഥാന സെക്രട്ടേറിയേറ്റ് അംഗങ്ങളായ കെ.എൻ ബാലഗോപാലും ടി.പി രാമകൃഷ്ണനുമാണ് അന്വേഷണ കമ്മീഷൻ അംഗങ്ങൾ.പി.ജയരാജനെതിരെ ഗുരുതര ആരോപണങ്ങളുടെങ്ങിയ പരാതിയാണ് ഇ.പി ജയരാജൻ എഴുതി നൽകിയത്. സംസ്ഥാന സെക്രട്ടേറിയേറ്റ് യോഗത്തിലാണ് ഇ.പി ജയരാജന്റെ നീക്കം. പി.ജയരാജന് സംസ്ഥാനത്തെ പല ജില്ലകളിലും ക്വട്ടേഷൻ സംഘങ്ങളുമായി ബന്ധമുണ്ടെന്ന് പരാതിയിൽ ഇ.പി ആരോപിക്കുന്നു. സ്വർണം പൊട്ടിക്കൽ സംഘവുമായി പി.ജയരാജന് ബന്ധമുണ്ടെന്ന ആരോപണത്തിലും കഴമ്പുണ്ടെന്നും സിപിഎം നേതാക്കളെ സമൂഹമാധ്യമങ്ങളിൽ അപകീർത്തിപ്പെടുത്താൻ നവമാധ്യമ സംഘം പി.ജയരാജന് കീഴിൽ പ്രവർത്തിക്കുന്നുണ്ടെന്നും പരാതിയിൽ ആരോപിക്കുന്നു. വൈദേഹം റിസോർട്ടുമായി ഇ.പി ജയരാജനുള്ള പങ്കും സാമ്പത്തിക ക്രമക്കേടും ആസ്തി സംബന്ധിച്ച പി.ജയരാജന്റെ ആരോപണങ്ങളും ഈ അന്വേഷണ കമ്മീഷൻ പരിശോധിക്കുമെന്നാണ് വിവരം.

'വെസ്റ്റ് ബാങ്കിലെ അതിക്രമം ജൂത ഭീകരത'; രൂക്ഷ വിമർശനവുമായി ഐസൻകോട്ട്

തെൽ അവിവ്: വെസ്റ്റ് ബാങ്കിലെ ഫലസ്തീൻ ഗ്രാമങ്ങളിൽ ഇസ്രായേൽ കുടിയേറ്റക്കാരായ അക്രമികൾ നടത്തിയ തീവെപ്പിനെ 'ജൂത ഭീകരവാദമെന്ന്' വിശേഷിപ്പിച്ച് ഗാദി ഐസൻകോട്ട്. രാത്രിയിൽ വീടുകൾക്കും വാഹനങ്ങൾക്കും തീയിട്ട സംഭവം എല്ലാ അർത്ഥത്തിലും 'ജൂത ഭീകരത' തന്നെയാണെന്നും അതിനെ ആ പേരുതന്നെ വിളിക്കണമെന്നും ഐസൻകോട്ട് പറഞ്ഞു.

തീവ്രവാദ ഗ്രൂപ്പുകൾ നടത്തുന്ന ഇത്തരം അട്ടിമറി പ്രവർത്തനങ്ങൾ മേഖലയിലെ സമാധാനം തകർക്കുകയും മനുഷ്യജീവന് ഭീഷണിയാവുകയും ചെയ്യുന്നു. ഇത് ഇസ്രായേലിന്റെ ദേശീയ സുരക്ഷയെയും വിദേശബന്ധങ്ങളെയും ഗുരുതരമായി ബാധിക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. ദേശീയ സുരക്ഷാ മന്ത്രി ഇറ്റാമർ ബെൻ-ഗ്വിറും ധനമന്ത്രി ബെസലേൽ സ്മോട്രിച്ചും പിന്തുടരുന്ന നയങ്ങളാണ് വെസ്റ്റ് ബാങ്കിൽ നിയമവാഴ്ച തകരാൻ കാരണമായതെന്നും ഐസൻകോട്ട് കുറ്റപ്പെടുത്തി.

ശനിയാഴ്ച രാത്രി മുതൽ ഞായറാഴ്ച പുലർച്ചെ വരെയായിരുന്നു ആക്രമണങ്ങൾ. റമല്ലയ്ക്ക് സമീപമുള്ള ദെയർ അസ്-സുദാൻ, ദെയർ അബു മഷാൽ, കഫർ മാലിക്, തെക്കൻ ഹെബ്രോണിലെ അൽ-തുവാനി തുടങ്ങിയ പ്രദേശങ്ങളിലാണ് ആക്രമണമുണ്ടായത്. എട്ട് വാഹനങ്ങൾ കത്തിക്കുകയും വീടുകളുടെ ചുമരുകളിൽ വംശീയാധിക്ഷേപങ്ങൾ എഴുതുകയും ചെയ്തു.

ആക്രമണങ്ങളെ രൂക്ഷമായി വിമർശിച്ച ഐസൻകോട്ട്, തീവ്രവാദികളായ കുടിയേറ്റക്കാർക്കെതിരെ കടുത്ത നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. ബെൻ-ഗ്വിറിന്റെയും സ്മോട്രിച്ചിന്റെയും നയങ്ങൾ വെസ്റ്റ് ബാങ്കിനെ അരാജകത്വത്തിന്റെ വക്കിലെത്തിച്ചു. ഇത്തരം ആക്രമണങ്ങൾ ഇസ്രയേലിന്റെ ദേശീയ സുരക്ഷയ്ക്കും അന്താരാഷ്ട്ര ബന്ധങ്ങൾക്കും ഭീഷണിയാണ്. കലാപകാരികളെ തടയുന്നതിനും അവർക്കെതിരെ കടുത്ത ഉപരോധങ്ങൾ ഏർപ്പെടുത്തുന്നതിനും തടങ്കൽ മാർഗം, ആഭ്യന്തര സുരക്ഷാ ഏജൻസിയായ ഷിൻ ബെത്തിന്റെ നേതൃത്വത്തിലുള്ള നടപടികൾ എന്നിവയുൾപ്പെടെ ലഭ്യമായ എല്ലാ മാർഗങ്ങളും സ്വീകരിക്കണമെന്നും ഐസൻകോട്ട് ആവശ്യപ്പെട്ടു.

എന്നാൽ ഐസൻകോട്ടിന്റെ ആരോപണങ്ങളെ ബെൻ-ഗ്വിർ തള്ളി. അന്വേഷണ വിവരങ്ങൾ പോലും അറിയാതെ രാഷ്ട്രീയ നേട്ടത്തിനായി ഐസൻകോട്ട് സംഭവത്തെ ഉപയോഗിക്കുകയാണെന്നായിരുന്നു പ്രതികരണം.

ഭാവിയിൽ അറബ് പാർട്ടികളുടെ പിന്തുണയോടെ സർക്കാരുണ്ടാക്കാനുള്ള മുൻകൂർ 'പണി'കളായാണ് ഐസൻകോട്ട് ഇത്തരം പ്രസ്താവനകൾ നടത്തുന്നതെന്ന് ബെൻ-ഗ്വിർ പരിഹസിച്ചു.



'സത്യസായിബാബ വിളിച്ചതുകൊണ്ടാണ് പുട്ടപർത്തിയിൽ എത്താൻ കഴിഞ്ഞത്'; മുഖ്യമന്ത്രി

ഹൈദരബാദ്: ഭക്തിയെന്നത് പാവങ്ങളുടെ കണ്ണീരൊപ്പലാണെന്ന് തെളിയിച്ചവരാണ് സത്യസായിബാബയുടെ അനുയായികളെന്ന് മുഖ്യമന്ത്രി വിഡി സതീശൻ. പുട്ടപർത്തിയിലേക്ക് എത്താൻ കഴിഞ്ഞത് സത്യസായിബാബ വിളിച്ചതുകൊണ്ടാണെന്നും സതീശൻ പറഞ്ഞു. സത്യസായി ജന്മദിനാഘോഷ സമാപനത്തിൽ കേന്ദ്ര കൽക്കരി മന്ത്രി ജെ കിഷൻ റെഡ്ഡി ഉൾപ്പടെയുള്ളവർ പങ്കെടുത്തു.

സത്യസായി ബാബയുടെ 101-ാം ജന്മവാർഷിക ആഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി രാവിലെയാണ് മുഖ്യമന്ത്രി പുട്ടപർത്തിയിൽ എത്തിയത്. പ്രശാന്തി നിലയത്തിൽ എത്തിയ സതീശനെ ഉദ്യോഗസ്ഥർ സ്വീകരിച്ചു. തുടർന്ന് സായ് കുൽവന്ത് ഹാളിലെ സത്യസായി ബാബയുടെ മഹാസമാധി സന്ദർശിച്ച അദ്ദേഹം പുഷ്പാർച്ചന നടത്തി. ഒരുകേരള മുഖ്യമന്ത്രി ഇതാദ്യമായാണ് പുട്ടപർത്തിയിൽ എത്തുന്നത്. ഉച്ചയോടെ കൊച്ചിയിൽ തിരിച്ചെത്തുന്ന അദ്ദേഹം കോട്ടയത്തേക്ക് പോകും

അതേസമയം, ശബരിമലയെ തിരുപ്പതിയുടെ മാതൃകയിൽ ആധുനിക തീർഥാടന കേന്ദ്രമാക്കി മാറ്റുന്നതിനായി കേരള സർക്കാർ വൻ വികസന പദ്ധതിക്ക് രൂപം നൽകുന്നതായി മുഖ്യമന്ത്രി വിഡി സതീശൻ പറഞ്ഞു.

കുടിവെള്ളം സുരക്ഷിതമെന്ന് ബിസ്‌ലേരി; വിവാദം 2025ൽ ഉത്പാദിപ്പിച്ച ബാച്ചുമായി ബന്ധപ്പെട്ടെന്നും കമ്പനി

മുംബൈ: ബിസ്‌ലേരി പാക്കേജ്ഡ് കുടിവെള്ളം സുരക്ഷിതമാണെന്ന് കമ്പനി. കുടിവെള്ളത്തിൽ അനുവദനീയമായതിലും കൂടുതൽ ബ്രോമേറ്റ് കണ്ടെത്തിയതിനെ തുടർന്ന് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്എസ്എസ്എഐ) ബിസ്‌ലേരിക്കെതിരെ പ്രോസിക്യൂഷൻ നടപടികൾക്ക് അനുമതി നൽകിയിരുന്നു. ഇതിന് പിന്നാലെയാണ് സ്വതന്ത്ര ലബോറട്ടറി പരിശോധനകളിൽ വെള്ളത്തിലെ ബ്രോമേറ്റിന്റെ അളവ് അനുവദനീയമായ പരിധിക്കുള്ളിലാണെന്ന് കണ്ടെത്തിയതായി കമ്പനി വിശദീകരിച്ചത്.

തിങ്കളാഴ്ച പുറത്തിറക്കിയ പ്രസ്താവനയിലാണ് ബിസ്‌ലേരി ഇക്കാര്യം വ്യക്തമാക്കിയത്. 2025 സെപ്റ്റംബറിൽ ഗോവയിലെ നിർമാണശാലയിൽ ഉത്പാദിപ്പിച്ച ഒരു ബാച്ചുമായി ബന്ധപ്പെട്ടാണ് നിലവിലെ വിവാദമെന്നും കമ്പനി അറിയിച്ചു. വിഷയത്തിൽ എഫ്എസ്എസ്എഐയുമായി സഹകരിക്കുമെന്നും ഉചിതമായ നിയന്ത്രണ നടപടികളിലൂടെ പ്രശ്നം പരിഹരിക്കുമെന്നും കമ്പനി വ്യക്തമാക്കി. 2025 സെപ്റ്റംബർ 30ന് ഗോവയിലെ നിർമാണശാലയിൽ നിന്ന് എഫ്എസ്എസ്എഐ ആറ് സാംപിളുകളാണ് ശേഖരിച്ചത്. ഇതിൽ അഞ്ച് സാംപിളുകളും നിശ്ചിത ഗുണനിലവാരമാനദണ്ഡങ്ങൾ പാലിക്കുന്നതായിരുന്നുവെന്ന് ബിസ്‌ലേരി പറയുന്നു. എന്നാൽ ആറാമത്തെ സാംപിളിൽ ഒരു ലിറ്ററിൽ 12 മൈക്രോഗ്രാം ബ്രോമേറ്റ് കണ്ടെത്തി. അനുവദനീയമായ പരമാവധി അളവ് 10 മൈക്രോഗ്രാമാണ്.തുടർന്ന് പരിശോധനാ ഫലത്തിനെതിരെ 2025 നവംബർ 22ന് കമ്പനി അപ്പീൽ നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ സാംപിൾ വീണ്ടും പരിശോധിക്കുന്നതിനായി റഫറൽ ലബോറട്ടറിയിലേക്ക് അയച്ചു. ഇവിടെ നടത്തിയ പരിശോധനയിൽ ബ്രോമേറ്റിന്റെ അളവ് അനുവദനീയമായ പരിധിക്കുള്ളിലാണെന്ന് കണ്ടെത്തിയെങ്കിലും പോളിന്യൂക്ലിയർ ആരോമാറ്റിക് ഹൈഡ്രോകാർബണുകളുടെ സാന്നിധ്യം കണ്ടെത്തിയതായും കമ്പനി അറിയിച്ചു.



പരിശോധനാ ഫലങ്ങളിലെ ഈ വ്യത്യാസം കൂടുതൽ വ്യക്തത ആവശ്യപ്പെടുന്നതാണെന്നായിരുന്നു ബിസ്‌ലേരിയുടെ നിലപാട്. തുടർന്ന് അതേ സാമ്പിൾ എഫ്എസ്എസ്എഐ അംഗീകാരമുള്ള മറ്റൊരു സ്വതന്ത്ര ലബോറട്ടറിയിലും പരിശോധിച്ചു.



നരിക്കുനി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പാലിയേറ്റീവ് കുടുംബസംഗമം 'സ്നേഹത്തണൽ 2026' പി.കെ. ഫിറോസ് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

പാലിയേറ്റീവ് കുടുംബസംഗമം 'സ്നേഹത്തണൽ 2026' സംഘടിപ്പിച്ചു

നരിക്കുനി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പാലിയേറ്റീവ് പരിചരണത്തിലുള്ള രോഗികളുടെയും കുടുംബാംഗങ്ങളുടെയും സംഗമം 'സ്നേഹത്തണൽ 2026' സംഘടിപ്പിച്ചു.

എം.ഇ.എസ് സെൻട്രൽ സ്കൂളിൽ നടന്ന പരിപാടി പി.കെ. ഫിറോസ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. കിടപ്പുരോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും മാനസിക പിന്തുണയും കരുതലും ഉറപ്പാക്കുന്നതിൽ ഇത്തരം സംഗമങ്ങൾക്ക് വലിയ പങ്കുവഹിക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ നരിക്കുനി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.പി. ലൈല അധ്യക്ഷത വഹിച്ചു. ഡോ. എം.എ. അമീറലി മുഖ്യ പ്രഭാഷണം നടത്തി. തുടർന്ന് വിവിധ കലാപരിപാടികളും അരങ്ങേറി.

ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ ബാലമണി ടീച്ചർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ പി. സുനിത, ശറഫുദ്ധീൻ മാസ്റ്റർ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ബി.സി. അബ്ദുൾ ജലീൽ, ജൗഹർ പൂമംഗലം, ജസീല മജീദ്, എൻ.കെ. രതീഷ്, സഫീന ബഷീർ, ഷെർളി പയ്യടി, സി.കെ. സലീം, പി.സി. റംല, ഇ.വി. നിഷ, ഗിരിജ ടീച്ചർ, പി.പി. ഫമിത, അപർണ നടുവിലേടത്ത്, സി.കെ. ജഗജീവൻ, അഹമ്മദ് ശരീഫ്, ബി.എഫ്.എച്ച്.സി നരിക്കുനി മെഡിക്കൽ ഓഫീസർ ഡോ. സാമുവൽ റോബർട്ട് ജാഫേത്, പ്രൊജക്ട് ഇംപ്ലിമെന്റിങ് ഓഫീസർ ഡോ. എൻ.കെ. റസീന, ഹെൽത്ത് ഇൻസ്പെക്ടർ വി. ഷറഫുദ്ധീൻ തുടങ്ങിയവർ സംസാരിച്ചു.



വികസിത് ഭാരത് യൂത്ത് പാർലമെന്റ് അസിസ്റ്റന്റ് കളക്ടർ മാളവിക ജി നായർ ഉദ്ഘാടനം ചെയ്യുന്നു

വികസിത് ഭാരത് യൂത്ത് പാർലമെന്റ്: ജില്ലയിൽ നിന്ന് മൂന്നുപേർ സംസ്ഥാനതല മത്സരത്തിലേക്ക്

കേന്ദ്ര യുവജനകാര്യ-കായിക മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ മേരാ യുവഭാരത് (മൈ ഭാരത്) കോഴിക്കോടും കോളേജ് ഓഫ് അപ്ലൈഡ് സയൻസും (ഐ.എച്ച്.ആർ.ഡി) സംയുക്തമായി സംഘടിപ്പിച്ച ജില്ലാതല യൂത്ത് പാർലമെന്റ് മത്സരത്തിൽ വിജയികളായ ആദ്യ മൂന്ന് സ്ഥാനക്കാർ സംസ്ഥാനതല മത്സരത്തിലേക്ക് യോഗ്യത നേടി. വികസിത് ഭാരത് യുവ ലീഡേഴ്സ് ഡയലോഗ് 2027-ന്റെ ഭാഗമായാണ് മത്സരം സംഘടിപ്പിച്ചത്.

കോളജ് ക്യാമ്പസിൽ സംഘടിപ്പിച്ച പരിപാടി അസിസ്റ്റന്റ് കളക്ടർ മാളവിക ജി നായർ ഉദ്ഘാടനം ചെയ്തു.

'നശാ മുക്ത് യുവ ഫോർ വികസിത് ഭാരത്' എന്ന വിഷയത്തിൽ നടന്ന മത്സരത്തിൽ സി.എച്ച്. ഫാത്തിമത്ത് ഷെയ്ക്ക ഒന്നാം സ്ഥാനവും വി. ഹിബ റസാക്ക് രണ്ടാം സ്ഥാനവും വി. അവന്തിക മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ചടങ്ങിൽ 30 കേരള ബറ്റാലിയൻ കമാൻഡിംഗ് ഓഫീസർ കേണൽ വൈ.കെ. ഗൗതം അധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പൽ എം. സുനിത, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ജസ്ലീൻ ജോസ്, മൈ ഭാരത് പ്രതിനിധി സനൂപ് തുടങ്ങിയവർ സംസാരിച്ചു.

സംസ്ഥാനതല മത്സരത്തിൽ വിജയിക്കുന്നവർക്ക് ഡൽഹിയിൽ നടക്കുന്ന ദേശീയ യൂത്ത് പാർലമെന്റിൽ പങ്കെടുക്കാൻ അവസരം ലഭിക്കും.

പണമില്ലാതെ ചികിത്സ മുടങ്ങരുത്; കരുതലിന്റെ 'സ്നേഹസ്പർശ'വുമായി ജില്ലാ പഞ്ചായത്ത്

ചികിത്സയ്ക്ക് പണമില്ലാത്തതുകൊണ്ട് പ്രയാസപ്പെടുന്ന രോഗബാധിതർക്ക് വലിയ ആശ്വാസമാകുകയാണ് കോഴിക്കോട് ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന 'സ്നേഹസ്പർശം' പദ്ധതി. വൃക്കരോഗികൾക്ക് കൈത്താങ്ങായി 2012-ൽ തുടങ്ങിയ പദ്ധതി വഴി സൗജന്യ വൃക്കമാറ്റ ശസ്ത്രക്രിയയും മാനസികാരോഗ്യ പരിചരണവും എച്ച്.ഐ.വി ബാധിതർക്കുള്ള അഭയകേന്ദ്രവുമടക്കം എട്ട് വ്യത്യസ്ത ആരോഗ്യ-ജീവകാരുണ്യ പദ്ധതികളാണ് നടപ്പാക്കുന്നത്. ജില്ലാ കളക്ടർ ചീഫ് കോ-ഓർഡിനേറ്ററും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണുമായ സമിതിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

ജില്ലയിലെ 45 സെന്ററുകളിലായി ഹീമോ ഡയാലിസിസ് ചെയ്യുന്നവർക്ക് പ്രതിമാസം 12 ഡയാലിസിസുകൾക്ക് 3,960 രൂപയും, വീട്ടിൽ പെരിറ്റോണിയൽ ഡയാലിസിസ് ചെയ്യുന്നവർക്ക് ഫ്ലൂയിഡും ക്യാപ്പും വാങ്ങാൻ 4,000 രൂപയുമാണ് നൽകുന്നത്.

മറ്റ് ഇൻഷുറൻസ് ആനുകൂല്യങ്ങൾ ലഭിക്കാത്ത നിർധനർക്ക് അടുത്ത ബന്ധുക്കളുടെ അവയവദാനത്തോടെ സൗജന്യ വൃക്കമാറ്റ ശസ്ത്രക്രിയ നൽകുന്നതാണ് 'ജീവജ്യോതി' പദ്ധതി. വൃക്ക-കരൾ മാറ്റിവെച്ചവർക്ക് 5,000 രൂപയിലധികം വിലവരുന്ന മരുന്നുകൾ ശസ്ത്രക്രിയ കഴിഞ്ഞ് മൂന്ന് മാസത്തിനുശേഷം ഇഖ്റ ആശുപത്രി മുഖേന 2,500 രൂപയ്ക്ക് ലഭ്യമാക്കുന്നുണ്ട്.

രോഗങ്ങൾ നേരത്തേ കണ്ടെത്താൻ മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ്, ഇഖ്റ ആശുപത്രി, സ്നേഹസ്പർശം എന്നിവ ചേർന്ന് ആഴ്ചയിൽ ആറുദിവസവും മൊബൈൽ ക്ലിനിക്ക് നടത്തുന്നുണ്ട്.

ചെങ്ങോട്ടുകാവിലും കോട്ടൂരിലും പ്രവർത്തിക്കുന്ന നവജീവൻ ക്ലിനിക്കുകളിലൂടെ ഗ്രാമീണ മേഖലയിലെ മാനസികാരോഗ്യ രോഗികൾക്ക് സൗജന്യ ചികിത്സയും മരുന്നും നൽകിവരുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിലെത്തുന്ന അഗതികളായ പുരുഷ എച്ച്.ഐ.വി ബാധിതർക്കായി കെയർ സെന്ററും പ്രവർത്തിക്കുന്നു; ഇതിന് സ്വന്തമായി കെട്ടിടം നിർമിക്കാനുള്ള ശ്രമങ്ങളും തുടരുകയാണ്. അവയവദാന ബോധവത്കരണത്തിനായുള്ള 'ജീവൽദാനം' പദ്ധതിയിലൂടെ മൂവായിരത്തോളം സമ്മതപത്രങ്ങളാണ് ഇതിനോടകം ലഭിച്ചത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂട്ടായ്മയാണ് പദ്ധതിയുടെ കരുത്ത്. കോഴിക്കോട് കോർപ്പറേഷൻ ഒരു കോടി രൂപയും ജില്ലാ പഞ്ചായത്ത് 50 ലക്ഷം രൂപയും, നഗരസഭകളും ബ്ലോക്ക് പഞ്ചായത്തുകളും ഏഴ് ലക്ഷം രൂപ വീതവും, ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപ വീതവും പ്രതിവർഷം പദ്ധതിയിലേക്ക് സംഭാവന ചെയ്യുന്നു.



കേരള പോലീസിന്റെ 'കിഡ് ഗ്ലൗ - 2026' സമ്മിറ്റിൽ എറണാകുളത്ത് പങ്കെടുത്ത കോഴിക്കോട് റൂറൽ മേഖലയിലെ വിദ്യാർത്ഥികളെ ആദരിക്കുന്നതിനായി ജില്ലാ പോലീസ് ട്രെയിനിംഗ് സെന്ററിൽ സംഘടിപ്പിച്ച ചടങ്ങ് ജില്ലാ പോലീസ് മേധാവി മെറിൻ ജോസഫ് ഉദ്ഘാടനം ചെയ്തു

'കിഡ് ഗ്ലൗ' പദ്ധതി 15 സ്കൂളുകളിലേക്ക് കൂടി വ്യാപിപ്പിക്കും

കുട്ടികളിലെ ഡിജിറ്റൽ അഡിക്ഷൻ കുറയ്ക്കുന്നതിനും സൈബർ ഇടങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി കേരള പോലീസ് നടപ്പാക്കുന്ന 'കിഡ് ഗ്ലൗ' (KID GLOVE) പദ്ധതി ഈ വർഷം 15 സ്കൂളുകളിലേക്ക് കൂടി വ്യാപിപ്പിക്കുമെന്ന് കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവി മെറിൻ ജോസഫ് പറഞ്ഞു. കേരള പോലീസിന്റെ 'കിഡ് ഗ്ലൗ - 2026' സമ്മിറ്റിൽ എറണാകുളത്ത് പങ്കെടുത്ത കോഴിക്കോട് റൂറൽ മേഖലയിലെ വിദ്യാർത്ഥികളെ ആദരിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനും പദ്ധതിയുടെ തുടർപരിപാടികൾക്ക് തുടക്കം കുറിക്കുന്നതിനുമായി ജില്ലാ പോലീസ് ട്രെയിനിംഗ് സെന്ററിൽ സംഘടിപ്പിച്ച ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ.

സൈബർ കുറ്റകൃത്യങ്ങൾക്കും ഓൺലൈൻ തട്ടിപ്പുകൾക്കുമെതിരെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് ജില്ലാ പോലീസ് മേധാവി അഭ്യർത്ഥിച്ചു. സർക്കാരിന്റെ 'ക്ലിക്ക്' (പദ്ധതിയിൽ എല്ലാവരും പങ്കാളികളാകണമെന്നും അവർ പറഞ്ഞു. സമ്മിറ്റിൽ പങ്കെടുത്ത വിദ്യാർത്ഥികൾ ചടങ്ങിൽ അനുഭവങ്ങൾ പങ്കുവെച്ചു.

സൈബർ ക്രൈം ഇൻസ്പെക്ടർ കെ. ഉമേഷ്, സബ് ഇൻസ്പെക്ടർ ടി.ബി. ഷൈജു, സൈബർ സെൽ സബ് ഇൻസ്പെക്ടർ കെ. ശ്രീജിത്ത്, എസ്.സി.പി.ഒ. എം.കെ. ശരേഷ് എന്നിവർ പരിപാടിയിൽ സംസാരിച്ചു.

മതിയായ ചികിത്സ നൽകിയില്ലെന്ന് പരാതി; കോഴിക്കോട് എട്ടുവയസ്സുകാരന്റെ മരണത്തിൽ കേസെടുത്തു

കോഴിക്കോട്: കോഴിക്കോട് എട്ടുവയസ്സുകാരൻ മരിച്ച സംഭവത്തിൽ സ്വകാര്യ ആശുപത്രിക്കും ഡോക്ടർക്കുമെതിരെ കേസ്. മതിയായ ചികിത്സ ലഭിക്കാത്തതാണ് കുട്ടിയുടെ മരണത്തിന് കാരണമായതെന്ന കുടുംബത്തിന്റെ പരാതിയിലാണ് കോടതി നിർദേശപ്രകാരം തിരുവമ്പാടി പൊലീസ് കേസെടുത്തത്. ചികിത്സാപിഴവ് ആരോപിച്ചാണ് കുടുംബം പരാതി നൽകിയത്.

ശരിയായ രോഗനിർണയം നടത്താനോ വിദഗ്ധ ചികിത്സക്കായി മറ്റൊരു ഡോക്ടർക്ക് റഫർ ചെയ്യാനോ ആശുപത്രി അധികൃതർ തയാറായില്ലെന്നാണ് കുടുംബത്തിന്റെ ആരോപണം. കുട്ടിക്ക് സ്കാനിങ് നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടും അതിന് സൗകര്യമൊരുക്കിയില്ലെന്നും പരാതിയിൽ പറയുന്നു. സംഭവത്തിൽ നിയമപരമായി ഏതറ്റം വരെയും പോകുമെന്നും കുടുംബം വ്യക്തമാക്കി.

കഴിഞ്ഞ മേയ് 15നാണ് വയറുവേദനയെ തുടർന്ന് ഇഹ്സാൻ ഷമീർ തിരുവമ്പാടിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിച്ചത്. എന്നാൽ ആവശ്യമായ പരിശോധനകളും ചികിത്സയും ലഭിക്കാത്തതിനെ തുടർന്ന് കുട്ടിയെ ഡിസ്ചാർജ് ചെയ്യുകയായിരുന്നു. പിറ്റേ ദിവസം ആരോഗ്യനില വഷളായതോടെ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇവിടെ നിന്നും നടത്തിയ പരിശോധനയിലാണ് കുട്ടിയുടെ കരൾ പ്രവർത്തനരഹിതമായതായി കണ്ടെത്തിയത്. തുടർന്ന് കുട്ടിയുടെ അമ്മാവൻ കരൾ ദാനം ചെയ്യുകയും കരൾമാറ്റ ശസ്ത്രക്രിയ നടത്തുകയും ചെയ്തു. എന്നാൽ പിന്നീട് തലച്ചോറിൽ നീർക്കെട്ട് അനുഭവപ്പെട്ടു. ആരോഗ്യനില ഗുരുതരമായതിനെ തുടർന്ന് കുടുംബത്തിന്റെ സമ്മതത്തോടെ ലൈഫ് സപ്പോർട്ട് സംവിധാനങ്ങൾ പിൻവലിക്കുകയും പിന്നാലെ ഹൃദയാഘാതത്തെ തുടർന്ന് കുട്ടി മരിക്കുകയുമായിരുന്നു.

മഞ്ഞപ്പിത്തത്തിന്റെ ലക്ഷണങ്ങളാണ് കുട്ടിക്കുണ്ടായിരുന്നതെന്ന് സ്വകാര്യ ആശുപത്രിയിൽനിന്ന് അറിയിച്ചിരുന്നെങ്കിലും കോഴിക്കോട്ടെ ആശുപത്രിയിൽ നടത്തിയ പരിശോധനയിൽ കരളിൽ മഞ്ഞപ്പിത്തത്തിന്റേതായ ലക്ഷണങ്ങൾ കണ്ടെത്താനായില്ലെന്നാണ് കുടുംബം പറയുന്നത്. കുട്ടിയുടെ കരൾ പ്രവർത്തനരഹിതമായതിന്റെ യഥാർഥ കാരണം ഇതുവരെ വ്യക്തമായിട്ടില്ല. ജനിതക പരിശോധന ഉൾപ്പെടെയുള്ള പരിശോധനകളുടെ ഫലം ലഭിച്ചാലേ കാരണം വ്യക്തമാകൂ. വിഷയത്തിൽ അന്വേഷണം തുടരുകയാണ്.



കൗൺസിലർ റാഷിദ് മുത്താമ്പി തൈകൾ വിതരണം ചെയ്യുന്നു

പച്ചക്കറിതൈകൾ വിതരണം ചെയ്തു

കൊയിലാണ്ടി: വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷരഹിതമായ പച്ചക്കറികളുടെ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നഗരസഭ 20-ാം വാർഡിൽ കൗൺസിലർ കെയറിന്റെ നേതൃത്വത്തിൽ 'പച്ചപ്പിന്റെ പെരുമ 2026' എന്ന പേരിൽ കാർഷിക പദ്ധതിയുടെ ഭാഗമായി പച്ചക്കറി തൈകൾ വിതരണം ചെയ്തു. വാർഡിലെ മികച്ച കർഷകനായ ബാലൻ നായർ പുതിയൊട്ടിലിന് പച്ചക്കറി വിത്തുകളും തൈകളും നൽകി വാർഡ് കൗൺസിലർ റാഷിദ് മുത്താമ്പി ഉദ്ഘാടനം നിർവഹിച്ചു. രാജൻ പൊന്നിയത്ത്, രവി കൊല്ലോറക്കൽ, ഉണ്ണികൃഷ്ണൻ, റാഫി അറഫ, ബാലൻ കിടാവ്, നാരായണൻ പുതുക്കുടി, ശ്രീധരൻ, ഉഷ തീർത്ഥം എന്നിവർ നേതൃത്വം നൽകി.

പഠന വൈകല്യമുള്ള കുട്ടികളെ തിരിച്ചറിഞ്ഞ് സ്വയം പരീക്ഷയെഴുതുവാൻ പ്രാപ്തരാക്കണം: ബാലാവകാശ കമ്മിഷൻ

പഠന വൈകല്യമുള്ള കുട്ടികളെ പ്രാഥമിക വിദ്യാഭ്യാസതലം മുതൽ തിരിച്ചറിഞ്ഞ് സ്വയം പരീക്ഷയെഴുതുവാൻ പ്രാപ്തരാക്കുവാനുള്ള പദ്ധതി നടപ്പിലാക്കാൻ വിദ്യാഭ്യാസ വകുപ്പിന് നിർദേശം നൽകി സംസ്ഥാന ബാലാവകാശ കമ്മിഷൻ. കോഴിക്കോട് വെള്ളിമാടുകുന്ന് ഗവ. ഗേൾസ് ഹോം ഓഡിറ്റോറിയത്തിൽ നടന്ന കർത്തവ്യ വാഹക യോഗത്തിലാണ് ഇക്കാര്യം ചർച്ചയായത്. ജില്ലയിൽ പഠന വൈകല്യം നേരിടുന്ന പത്താം തരത്തിലുള്ള കുട്ടികൾക്ക് എഴുത്ത് സഹായിയെ അനുവദിക്കണമെന്ന അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനാലാണ് കമ്മിഷന്റെ നിർദ്ദേശം.

സ്കൂൾ കൗൺസിലർമാർ, സൗഹൃദ ക്ലബ്ബ് കോ- ഓർഡിനേറ്റർ എന്നിവർക്ക് പോക്സോ കേസുകളുടെ റിപ്പോർട്ടിംഗ് സംബന്ധിച്ച മാർഗ്ഗനിർദേശം ബന്ധപ്പെട്ട വകുപ്പുകൾ സംയുക്തമായി ചേർന്ന് നൽകണം. പുതിയ തലമുറ വിദ്യാർഥികളുടെ മാനസികാരോഗ്യം സംബന്ധിച്ചും അവരുടെ സോഷ്യൽ മീഡിയ ഉപയോഗം, പെരുമാറ്റ വൈകല്യങ്ങൾ എന്നിവയും കണ്ടെത്തി നിയന്ത്രിക്കാനാവശ്യമായ പരിശീലനം അധ്യാപകർക്ക് നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഡയറ്റ് അധികാരികൾക്ക് കമ്മീഷൻ നിർദ്ദേശം നൽകി.



കോഴിക്കോട് വെള്ളിമാടുകുന്ന് ഗവ. ഗേൾസ് ഹോം ഓഡിറ്റോറിയത്തിൽ നടന്ന ബാലാവകാശ കമ്മീഷന്റെ കർത്തവ്യ വാഹക യോഗത്തിൽ ആക്ടിംഗ് ചെയർപേഴ്സൺ സിസിലി ജോസഫ്

കുട്ടികൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്ന ജുവനൈൽ ജസ്റ്റിസ് ബോർഡിൽ കേസുകൾ വർധിക്കുന്ന സാഹചര്യം പരിഗണിച്ച് സിറ്റിംഗ് ദിനങ്ങൾ വർധിപ്പിക്കുവാൻ നടപടി സ്വീകരിക്കണം. പൊലീസ് സമയബന്ധിതമായി കുട്ടികളുമായി ബന്ധപ്പെട്ട കേസുകളിൽ അന്തിമ റിപ്പോർട്ട് നൽകണമെന്നും കമ്മിഷൻ നിർദ്ദേശിച്ചു.

കമ്മീഷൻ ആക്ടിങ് ചെയർപേഴ്സൺ സിസിലി ജോസഫ് വിഷയാവതരണം നടത്തി. കമ്മിഷനംഗം പി. ഷാജേഷ് ഭാസ്കർ യോഗനടപടികൾ നിയന്ത്രിച്ചു. അസിസ്റ്റൻറ് കളക്ടർ മാളവിക ജി. നായർ, ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ ഷിജി എ. റഹ്മാൻ, ജെ.ജെ.ബി. അംഗം ഷെമീന എന്നിവർ നേതൃത്വം നൽകി.

കുന്ദമംഗലം പെരിങ്ങൊളത്ത് വർക്ക്ഷോപ്പിൽ വൻ തീപിടിത്തം;

13 വാഹനങ്ങൾ കത്തിനശിച്ചു, 20 ലക്ഷത്തിലേറെ നഷ്ടം

കോഴിക്കോട്: കുന്ദമംഗലം പെരിങ്ങൊളത്ത് മിൽമ ഹെഡ് ഓഫിസിന് സമീപം പ്രവർത്തിക്കുന്ന സ്പെയർ പാർട്സ് കടയിലും വർക്ക്ഷോപ്പിലുമുണ്ടായ തീപിടിത്തത്തിൽ വൻ നാശനഷ്ടം. ഇരുനില കെട്ടിടത്തിന്റെ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലാണ് പുലർച്ചെ 12 മണിയോടെ തീപിടിത്തമുണ്ടായത്.

അപകടത്തിൽ ബൈക്കുകളും സ്കൂട്ടറുകളും ഉൾപ്പെടെ ഏകദേശം 13 വാഹനങ്ങളും സ്പെയർ പാർട്സ് കടയിലുണ്ടായിരുന്ന മുഴുവൻ സാധന സാമഗ്രികളും പൂർണമായും കത്തിനശിച്ചു. അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പിൽ സൂക്ഷിച്ചിരുന്ന ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെയുള്ളവ അഗ്നിക്കിരയായി. പ്രാഥമിക കണക്കുകൾ പ്രകാരം 20 ലക്ഷത്തിലേറെ രൂപയുടെ നാശനഷ്ടമാണ് വിലയിരുത്തുന്നത്.

അപകടം തിരിച്ചറിഞ്ഞത് യാത്രക്കാരും നാട്ടുകാരും

അർധരാത്രിയോടെ വർക്ക്ഷോപ്പിനുള്ളിൽ നിന്ന് കനത്ത പുകയും തീനാളങ്ങളും ഉയരുന്നത് പ്രദേശവാസികളുടെയും ഇതുവഴി സഞ്ചരിച്ചിരുന്ന വാഹനയാത്രക്കാരുടെയും ശ്രദ്ധയിൽപ്പെടുകയായിരുന്നു. അപകടം കണ്ടയുടൻ നാട്ടുകാർ ഓടിക്കൂടി പ്രാഥമികമായി തീ അണയ്ക്കാൻ ശ്രമം നടത്തി. എന്നാൽ കടയ്ക്കുള്ളിൽ എണ്ണയും വേഗത്തിൽ തീപിടിക്കുന്ന മറ്റ് വസ്തുക്കളും സൂക്ഷിച്ചിരുന്നതിനാൽ തീ അതിവേഗം ആളിപ്പടർന്നു. ഇതോടെ പ്രദേശത്ത് വലിയ ആശങ്ക പടർന്നു. സ്ഥിതിഗതികൾ കൈവിട്ടുപോകുമെന്ന് ബോധ്യപ്പെട്ടതോടെ നാട്ടുകാർ ഉടൻതന്നെ വെള്ളിമാടുകുന്ന് അഗ്നിരക്ഷാ നിലയത്തിൽ വിവരമറിയിക്കുകയായിരുന്നു.



പെരിങ്ങൊളത്ത് വർക്ക്ഷോപ്പിൽ ഉണ്ടായ തീപിടിത്തം

വിവരമറിഞ്ഞയുടൻ വെള്ളിമാടുകുന്ന് ഫയർ സ്റ്റേഷൻ ഓഫിസർ റോബി വർഗീസിന്റെ നേതൃത്വത്തിലുള്ള ഒരു യൂണിറ്റ് സ്ഥലത്തെത്തി രക്ഷാപ്രവർത്തനം ആരംഭിച്ചു.

അറ്റകുറ്റപ്പണികൾക്കായി എത്തിച്ചിരുന്ന വാഹനങ്ങളുടെ ടാങ്കുകളിൽ പെട്രോൾ ഉൾപ്പെടെയുള്ള ഇന്ധനം ഉണ്ടായിരുന്നത് തീ നിയന്ത്രണവിധേയമാക്കുന്നതിന് വലിയ വെല്ലുവിളിയായി. ഇന്ധനത്തിലേക്ക് തീ പടർന്നതോടെ അഗ്നിബാധ കൂടുതൽ ശക്തമാകുകയും കെട്ടിടത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് വ്യാപിക്കാൻ തുടങ്ങുകയും ചെയ്തു.

സാഹചര്യം ഗുരുതരമായതോടെ മുക്കം, മാവൂർ ഫയർ സ്റ്റേഷനുകളിൽ നിന്നുള്ള കൂടുതൽ യൂണിറ്റുകളെ കൂടി സംഭവസ്ഥലത്തേക്ക് വിളിച്ചുവരുത്തി. ഇന്ധനവും എണ്ണയും കത്തിയതിനാൽ വെള്ളം മാത്രം ഉപയോഗിച്ച് തീ അണയ്ക്കുക പ്രയാസമായിരുന്നു. തുടർന്ന് മൂന്ന് ഫയർ യൂണിറ്റുകളിലെ അഗ്നിരക്ഷാസേനാംഗങ്ങൾ സംയുക്തമായി ഫോം ടെൻഡർ പമ്പ് ചെയ്ത് നടത്തിയ ഏറെ നേരത്തെ കഠിനപരിശ്രമത്തിനൊടുവിലാണ് തീ പൂർണമായും നിയന്ത്രണവിധേയമാക്കാൻ സാധിച്ചത്.

തീപിടിത്തമുണ്ടായ ഇരുനില കെട്ടിടത്തിന് തൊട്ടടുത്ത് തന്നെ ഒരു ഫർണിച്ചർ കടയും ഹോട്ടലും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, ഇതിന് തൊട്ടുസമീപത്തായി എസ്ബിഐ എടിഎം കൗണ്ടറും സ്ഥിതി ചെയ്യുന്നുണ്ട്. പ്രദേശവാസികളുടെ സമയോചിതമായ ഇടപെടലും അഗ്നിരക്ഷാസേനയുടെ അതിവേഗത്തിലുള്ള രക്ഷാപ്രവർത്തനവും കാരണം ഈ സ്ഥാപനങ്ങളിലേക്ക് തീ പടരുന്നത് കൃത്യസമയത്ത് തടയാനായി.

വേഗത്തിൽ തീപിടിക്കാൻ സാധ്യതയുള്ള ഫർണിച്ചർ കടയിലേക്കോ തൊട്ടടുത്ത എടിഎം കൗണ്ടറിലേക്കോ തീ പടർന്നിരുന്നെങ്കിൽ നാശനഷ്ടങ്ങളുടെ വ്യാപ്തി ഇതിലും എത്രയോ ഇരട്ടിയാകുമായിരുന്നു. അപകടത്തിന്റെ കൃത്യമായ കാരണം ഇതുവരെ വ്യക്തമായിട്ടില്ല. വൈദ്യുതി ഷോർട്ട് സർക്യൂട്ട് ആണോ തീപിടിത്തത്തിന് പിന്നിലെന്ന് സംശയിക്കുന്നുണ്ട്. സംഭവസ്ഥലത്ത് പരിശോധന നടത്തിയ കുന്ദമംഗലം പൊലീസിന്റെയും അഗ്നിരക്ഷാസേനയുടെയും നേതൃത്വത്തിൽ യഥാർഥ കാരണം കണ്ടെത്തുന്നതിനായി വിശദമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

പണം നൽകിയിട്ടും വൈദ്യുതി ബിൽ അടച്ചില്ല, ചോദിച്ചപ്പോൾ മാതാവിനെതിരേ ക്രൂരമായ ആക്രമണം; മകനെതിരേ കേസ്

നാദാപുരം (കോഴിക്കോട്): വൈദ്യുതി ബിൽ അടയ്ക്കാത്തത് ചോദ്യം ചെയ്ത മാതാവിനെ മകൻ ക്രൂരമായി മർദിച്ചതായി പരാതി. കോഴിക്കോട് നാദാപുരത്തിനടുത്ത് ഇരിങ്ങണ്ണൂരിലാണ് സംഭവം. പോത്തേരി വീട്ടിൽ പി. സുഹറയുടെ (59) പരാതിയിൽ മകൻ യാസിറിനെതിരെ നാദാപുരം പൊലീസ് കേസെടുത്തു.

വീട്ടിലെ വൈദ്യുതി ബിൽ അടയ്ക്കാനായി സുഹറ യാസിറിന്റെ കയ്യിൽ പണം നൽകിയിരുന്നു. എന്നാൽ ബില്ലടയ്ക്കാതെ യാസിർ ഈ പണം ചെലവാക്കി. ബിൽ കുടിശ്ശികയായതിനെത്തുടർന്ന് കെ.എസ്.ഇ.ബി. ഓഫീസിൽ നിന്ന് വിളിവന്നതോടെ, ഇക്കാര്യം സുഹറ മകനോട് ചോദിക്കുകയായിരുന്നു. ഇതിൽ പ്രകോപിതനായ യാസിർ നവംബർ 17-ന് രാത്രി ഒൻപത് മണിയോടെ മാതാവിനെ ക്രൂരമായി ആക്രമിക്കുകയായിരുന്നു.

അശ്ലീല ഭാഷയിൽ അസഭ്യം പറഞ്ഞ യാസിർ, സുഹറയുടെ ഇടത് കൈ പിടിച്ച് തിരിക്കുകയും തല ചുമരിൽ ഇടിപ്പിക്കുകയും വയറ്റിൽ ചവിട്ടുകയും ചെയ്തതായാണ് എഫ്.ഐ.ആറിലുള്ളത്. പരിക്കേറ്റ സുഹറ ആശുപത്രിയിൽ ചികിത്സ തേടി.

യാസിർ വീട്ടിൽ സ്ഥിരം പ്രശ്നക്കാരനാണെന്നും മദ്യപിച്ചെത്തി വീട്ടുകാരെ മർദിക്കാറുണ്ടെന്നും പൊലീസ് വ്യക്തമാക്കി. സംഭവത്തിനു ശേഷം ഒളിവിൽ പോയ പ്രതിക്കായി അന്വേഷണം ഊർജിതമാക്കിയതായി നാദാപുരം പൊലീസ് അറിയിച്ചു.

ശബരിമല ദർശനം:

നിലയ്ക്കലിൽ സ്പോട്ട് ബുക്കിങ് 24 മണിക്കൂറും

ശബരിമല: നിലയ്ക്കലിൽ സ്പോട്ട് ബുക്കിങ് കേന്ദ്രത്തിന്റെ പ്രവർത്തനം 24 മണിക്കൂറാക്കി. വെർച്വൽ ക്യൂ ഇല്ലാത്തെ എത്തുന്ന തീർഥാടകർ സ്പോട്ട് ബുക്കിങിനു ശേഷം വേണം സന്നിധാനത്തേക്ക് പോകാൻ. ഇതിനായി അധാർ കോപ്പി കരുതണം. നിലയ്ക്കൽ കെഎസ്ആർടിസി സ്റ്റാൻഡിന് സമീപത്താണ് കേന്ദ്രം. ദിവസം പതിനായിരം പേർക്കാണ് സ്പോട്ട് ബുക്കിങ്. എന്നാൽ വെർച്വൽ ക്യൂ ബുക്ക് ചെയ്തതിന്റെ 25% മുതൽ 30% വരെ പേർ ദർശനത്തിന് എത്തുന്നില്ല. അതിനാൽ വരുന്ന എല്ലാവർക്കും സ്പോട്ട് ബുക്കിങ് കിട്ടുന്നുണ്ട്.

കരിമല വഴിയും എരുമേലി, പുല്ലുമേട് വഴിയും കാനന പാതകളിലൂടെ വരുന്നവർ വണ്ടിപ്പെരിയാർ സത്രത്തിൽ നിന്ന് സ്പോട്ട് ബുക്കിങ് നടത്തണം.

ലെജൻഡ്സ് ഫെസ്റ്റ് 2026 വർണ്ണാഭമായി ആഘോഷിച്ചു

ജിദ്ദ: ജിദ്ദ മലപ്പുറം ജില്ല കെ.എം.സി.സി സ്റ്റുഡന്റ്സ് വിംഗിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ലിൽ ലെജൻഡ്സ് ഫെസ്റ്റ് 2026' വൻ വിജയമായി.ജിദ്ദയിലെ മുതജരിബ് വില്ലയിൽ വെച്ചാണ് ഫെസ്റ്റ് നടന്നത്. സ്റ്റുഡന്റ്സ് വിംഗ് പ്രസിഡന്റ് അസീം നൗഷാദ് അദ്ധ്യക്ഷത വഹിച്ചു. ജിദ്ദ മലപ്പുറം ജില്ല കെ എം സി സി ചെയർമാൻ കെ കെ മുഹമ്മദ് ഉദ്ഘാടനം ചെയ്തു.. പ്രസിഡന്റ് ഇസ്മയിൽ മുണ്ടുപറമ്പ്, ജില്ല കെ എം സി സി ജനറൽ സെക്രട്ടറി നാണി ഇഷാഖ് മാസ്റ്റർ, ട്രഷറർ ഇല്യാസ് കല്ലിങ്ങൽ, അഷ്റഫ് മുല്ലപ്പള്ളി, ശിഹാബുദ്ദീൻ പുളിക്കൽ, റസീന പള്ളിപ്പറമ്പൻ, സുഹൈല തേറമ്പത്ത്, ശഫീദ എൻ ആശംസകൾ നേർന്ന് സംസാരിച്ചു.

ജില്ല കെഎംസിസി സെക്രട്ടറി സ്റ്റുഡന്റ്സ് വിംഗ് ഇൻചാർജ് എ.പി മുഹമ്മദ് യാസിദിന്റെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ ഭാരവാഹികളായ ഷസാ ഫാത്വിമ, ഫാത്വിമ റിൻഷ സി പി, സൽഫ റോഷ്നി, ഹാഷിദ് റിദാൻ ടി കെ, അബാൻ മുല്ലപ്പള്ളി, ഷാസിയ, നഹാൻ മുല്ലപ്പള്ളി, മുഹമ്മദ് ഇസ്സാൻ, നൗറിൻ തുവ്വൂർ, മജീദ് കള്ളിയിൽ, അലി പാങ്ങാട്ട്, ജനീഷ് ടി കെ,ശംസു പാച്ചീരി, സാബിർ ടി പി, കോയമോൻ ഷമ്മാസ് വണ്ടൂർ പിന്തുണ നൽകി സഹകരിച്ചു.



കുരുന്നുകളുടെ കലാകായിക മത്സരങ്ങളും വിവിധ ഇനം ഗെയിംമുകളും കൊണ്ട് ഫെസ്റ്റ് ശ്രദ്ധേയമായി. കുട്ടികളുടെയും രക്ഷിതാക്കളുടെയും വലിയ പങ്കാളിത്തം ഉണ്ടായിരുന്നു. പേരുപോലെ തന്നെ പ്രോഗ്രാം മനോഹരമായിരുന്നു. കുട്ടികളുടെ മികച്ച പ്രകടനങ്ങൾക്ക് സദസ്സിൽ നിന്ന് വലിയ കയ്യടി ലഭിച്ചു. സൻഹ ബഷീർ പ്രോഗ്രാം കോർഡിനേറ്റ ചെയ്തു, മുഹമ്മദ് ഷെസിൻ ഖിറാഅത്ത് നടത്തി. ജനറൽ സെക്രട്ടറി മുഹമ്മദ് റയീസ് പുളിക്കപ്പറമ്പ് സ്വാഗതവും ട്രഷറർ മുഹമ്മദ് മിഷാൽ എം. പി നന്ദിയും പറഞ്ഞു.

വിവാഹ വീട്ടിലേക്ക് പടക്കവുമായെത്തി വരൻറെ കൂട്ടുകാർ; കൂട്ടത്തല്ല്

കോഴിക്കോട് നാദാപുരത്ത് വിവാഹച്ചടങ്ങിൽ കൂട്ടത്തല്ല്. തൂണേരി പേരോട് നിന്നുള്ള യാളായിരുന്നു വരൻ. വരനൊപ്പം പടക്കവുമായി എത്തിയ സുഹൃത്തുക്കളും നാട്ടുകാരുമായാണ് സംഘർഷമുണ്ടായത്. വരൻറെ സുഹൃത്തുക്കൾ വധുവിൻറെ വീടിനടുത്ത് വച്ച് വലിയ രീതിയിൽ പടക്കം പൊട്ടിക്കുകയും ബാൻഡ് മേളത്തോടെ ആഘോഷമാക്കുകയുമായിരുന്നു. അമിതമായ ആഘോഷപ്രകടനം വധുവിൻറെ വീട്ടുകാർ ഇടപെട്ട് തടയുകയും വലിയ ശബ്ദമുണ്ടാക്കരുതെന്ന് അറിയിക്കുകയും ചെയ്തു. ഇതോടെ വാക്കുതർക്കവും സംഘർഷവുമായി. കയ്യാങ്കളിയായതോടെ വിവാഹച്ചടങ്ങ് അലങ്കോലപ്പെടുന്ന സ്ഥിതിയുമുണ്ടായി.

ഒടുവിൽ പൊലീസെത്തിയാണ് സ്ഥിതിഗതികൾ ശാന്തമാക്കിയത്. വരൻറെ സുഹൃത്തുക്കളെ വീട്ടിലേക്ക് കയറ്റിലെന്ന നിലപാട് വധുവിൻറെ വീട്ടുകാരെടുത്തു. തുടർന്ന് വരൻറെ നാട്ടിൽ നിന്നുള്ള മുസ്ലിം ജമാ അത്തിൻറെ മഹല്ല് കമ്മിറ്റിയിൽ നിന്നുള്ളവരെത്തിയാണ് ഇരുവീട്ടുകാരുമായി നടത്തിയ അനുരഞ്ജന ചർച്ചകൾക്ക് ശേഷമാണ് വിവാഹച്ചടങ്ങ് തുടർന്നത്. സംഭവത്തിൻറെ വിഡിയോ സമൂഹമാധ്യമങ്ങളിൽ വൈറലാണ്.



രണ്ടാഴ്ച മുൻപ് ആയഞ്ചേരിക്കടുത്തും സമാനമായ രീതിയിൽ വധുവിൻറെ വീട്ടിലേക്ക് വരനൊപ്പമെത്തിയ കൂട്ടുകാരും നാട്ടുകാരുമായി തർക്കവും സംഘർഷവും ഉണ്ടായിരുന്നു. അന്ന് വധുവിൻറെ അമ്മയക്കമുള്ളവർ വേദിയിൽ ബോധം കെട്ട് വീഴുകയും പിന്നീട് ആശുപത്രിയിലേക്ക് മാറ്റേണ്ട അവസ്ഥയുണ്ടാവുകയും ചെയ്തിരുന്നു.

വനിതാ കൺവെൻഷൻ

വടകര: സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ ഒഞ്ചിയം മേഖല വനിതാ കൺവെൻഷൻ നാദാപുരം റോഡ് കാരക്കാട് എം.എൽ.പി സ്കൂളിൽ ചോറോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷൈജി പ്രമോദ് ഉദ്ഘാടനം ചെയ്തു.

ടി.എൻ പങ്കജാക്ഷി അദ്ധ്യക്ഷത വഹിച്ചു. മേഖലാ സെക്രട്ടറി കരിമ്പിൽ കുഞ്ഞികൃഷ്ണൻ സംഘടനാ വിശദീകരണം നല്കി. കെ.പി ഗിരിജ, എം.കെ രാഘവൻ, കെ.എസ് പ്രേമകുമാരി, കെ സരോജിനി എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികൾ: ടി.എൻ പങ്കജാക്ഷി (പ്രസിഡന്റ്), സരോജിനി കെ (വൈസ് പ്രസിഡന്റ്), കെ എസ് പ്രേമകുമാരി (സെക്രട്ടറി), വി.പി ലീല (ജോ. സെക്രട്ടറി).



സീനിയർ സിറ്റിസൻസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ ഒഞ്ചിയം മേഖല വനിതാ കൺവെൻഷൻ ചോറോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷൈജി പ്രമോദ് ഉദ്ഘാടനം ചെയ്യുന്നു

കോഴിക്കോട് മുക്കത്ത് നിർത്തിയിട്ട കാറിനുള്ളിൽ യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തി

കോഴിക്കോട്: മുക്കം പാലത്തിന് സമീപം ടിവിഎസ് ഷോറൂമിന് മുൻവശം റോഡരികിൽ നിർത്തിയിട്ട കാറിനുള്ളിൽ യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തി. കാരശ്ശേരി തേക്കുംകുറ്റി സ്വദേശി അനീഷ് (42) ആണ് മരിച്ചത്.



റോഡരികിൽ ഏറെ നേരമായി കാർ നിർത്തിയിട്ടിരിക്കുന്നത് കണ്ട് നാട്ടുകാർ നടത്തിയ പരിശോധനയിലാണ് അനീഷിനെ ഉള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. അനീഷിന് അപസ്മാരം ഉണ്ടായിരുന്നതായാണ് പ്രാഥമിക വിവരം. മുക്കം പോലീസ് ഇൻക്വസ്റ്റ് നടപടികൾ ആരംഭിച്ചു.

ശിശുദിന വാരാഘോഷത്തിന് സമാപനം

മലപ്പുറം: ശിശുദിന വാരാഘോഷത്തിന്റെ ഭാഗമായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷനും വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള ജില്ലാ ശിശുസംരക്ഷണ വിഭാഗവും സംയുക്തമായി പൊതുജനങ്ങൾക്കായി മിനി മാരത്തോൺ സംഘടിപ്പിച്ചു. മലപ്പുറം ഗവ. കോളേജ് മുതൽ കുന്നുമ്മൽ വരെയായിരുന്നു കൂട്ടയോട്ടം.

മിനി മാരത്തോണിന്റെ ഔദ്യോഗിക വസ്ത്രം മന്ത്രി എ.പി.അനിൽകുമാർ പ്രകാശനം ചെയ്തു. ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പിയും പ്രത്യേക ജുവനൈൽ പോലീസ് വിഭാഗം നോഡൽ ഓഫീസറുമായ മുഹമ്മദ് ഹനീഫ ഫ്ളാഗ് ഓഫ് ചെയ്തു.

ശിശുദിന വാരാഘോഷത്തിന്റെ സമാപന സമ്മേളനം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ അംഗം അഡ്വ. പി.ഷാജേഷ് ഭാസ്കർ ഉദ്ഘാടനം ചെയ്തു.

ജില്ലാ വനിതാ ശിശുവികസന ഓഫീസർ എസ്. എൽ.ശ്യാം ശങ്കർ, ജില്ലാ ശിശുസംരക്ഷണ ഓഫീസർ ടി.എൻ.ധന്യ, മങ്കട ശിശുവികസന പദ്ധതി ഓഫീസർ ഷൈനി, നിയമപ്രൊബേഷൻ ഓഫീസർ പി.ഫവാസ്, സംരക്ഷണ ഓഫീസർമാരായ എ.കെ.മുഹമ്മദ് സാലിഹ്, ഫസൽ പുള്ളാട്ട് പങ്കെടുത്തു.




മിനി മാരത്തോണിന്റെ ഔദ്യോഗിക വസ്ത്രം റവന്യൂ മന്ത്രി എ.പി.അനിൽകുമാർ കൈമാറുന്നു

മകളുടെ മുന്നിലിട്ട് ഭാര്യയെ വെട്ടിക്കൊലപ്പെടുത്തി; ഭർത്താവ് തൂങ്ങിമരിച്ചു

കൊല്ലം: പത്തനാപുരം പട്ടാഴിയിൽ ഭാര്യയെ വെട്ടിക്കൊലപ്പെടുത്തിയശേഷം ഭർത്താവ് തൂങ്ങിമരിച്ചു. പന്തപ്ലാവ് ക്രിസ്റ്റി ഭവനിൽ ബിനു(48) വാണ് ഭാര്യ ക്രിസ്റ്റി(38)യെ കൊലപ്പെടുത്തിയശേഷം ജീവനൊടുക്കിയത്. മകളുടെ കൺമുന്നിൽ വെച്ചായിരുന്നു കൊലപാതകം.

ഞായറാഴ്ച വൈകീട്ടാണ് ക്രൂര കൊലപാതകം നടന്നത്. കുടുംബപ്രശ്നങ്ങളാണ് കൊലപാതകത്തിന് കാരണമെന്നാണ് വിവരം. പ്രശ്നങ്ങളെത്തുടർന്ന് കുന്നിക്കോട് പൊലീസ് ശനിയാഴ്ച ഇരുവരേയും സ്റ്റേഷനിൽ വിളിച്ച് പ്രശ്നപരിഹാരത്തിന് ശ്രമിച്ചിരുന്നു.



സ്വന്തം വീട്ടിലേക്ക് പോയ ക്രിസ്റ്റി, പന്തപ്ലാവിലെ വീട്ടിലെത്തി തുണി എടുക്കുന്നതിനിടെ ബിനുവുമായി തർക്കമുണ്ടായി. ഇതിനിടെ വെട്ടുകത്തിയെടുത്ത് ബിനു മകളുടെ മുന്നിലിട്ട് ഭാര്യയെ വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു. നാട്ടുകാർ ഓടിയെത്തിയപ്പോഴേക്കും ബിനു അടുക്കളയിൽ തൂങ്ങിമരിച്ചിരുന്നു.

ട്രാക്കിലേക്ക് സ്വർണം; വിലയിൽ വീണ്ടും വൻ വർധന

കൊച്ചി: ദിവസങ്ങൾക്ക് ശേഷം സ്വർണവിലയിൽ വീണ്ടും വർധന. ഗ്രാമിന് 135 രൂപയുടെ വർധനയാണ് ഉണ്ടായത്. ഒരു ഗ്രാം സ്വർണത്തിന്റെ വില 11,600 രൂപയായി ഉയർന്നു. പവന്റെ വില 1,080 രൂപയും ഉയർന്നു. 92,800 രൂപയായാണ് പവന്റെ വില വർധിച്ചത്. കഴിഞ്ഞ കുറേ ദിവസങ്ങളായി സ്വർണവില കനത്ത ഇടിവ് രേഖപ്പെടുത്തുകയായിരുന്നു. ഒരു ലക്ഷത്തിന് മുകളിൽ നിന്ന വിലയിൽ വലിയ ഇടിവ് രേഖപ്പെടുത്തുകയായിരുന്നു.

രാജ്യാന്തര വിപണിയിൽ കഴിഞ്ഞയാഴ്ച ഔൺസിന് 3,630 ഡോളർ വരെ ഉയർന്ന് 2.6 ശതമാനത്തിന്റെ മുന്നേറ്റമാണ് രേഖപ്പെടുത്തിയത്. പിന്നീട് സിംഗപ്പൂർ വിപണിയിൽ സ്പോട്ട് ഗോൾഡ് വില 3,587.13 ഡോളറിലെത്തി.

കഴിഞ്ഞ എട്ടുമാസത്തിനിടയിലെ ഏറ്റവും വലിയ പ്രതിവാര നഷ്ടത്തിന് ശേഷമുള്ള തിരിച്ചുവരവാണിത്

ഓഹരി വിപണികളിൽ ടെക് സ്റ്റോക്കുകളിലുണ്ടായ തിരിച്ചടി ഉൾപ്പടെ സ്വർണത്തിന് ഗുണകരമാവുകയായിരുന്നു. ഓഹരികൾക്ക് തിരിച്ചടി നേരിട്ടതോടെ ആളുകൾ സുരക്ഷിതനിക്ഷേപമായ സ്വർണത്തിലേക്ക് തിരിഞ്ഞു. ഇത് മഞ്ഞലോഹത്തിന് ഗുണകരമായി മാറി.

വെള്ളിയാഴ്ച യുഎസ് ഓഹരിവിപണിയിലെ പ്രധാന സൂചികകളെല്ലാം കനത്ത നഷ്ടത്തിലാണ് വ്യാപാരം അവസാനിപ്പിച്ചത്. നാസ്ഡാക് 5.28 ശതമാനവും എസ് ആൻഡ് പി 500 3.70 ശതമാനവും ഇടിഞ്ഞു.എഐ കമ്പനികളുടെ വൻതോതിലുള്ള നിക്ഷേപവും അതിനായി ഉയരുന്ന കടബാധ്യതകളും വിപണിയിൽ ആശങ്ക സൃഷ്ടിക്കുന്നുണ്ട്. എഐ മേഖലയിലെ കമ്പനികളുടെ മൂല്യനിർണയവും ഭാവിയിലെ ലാഭസാധ്യതകളും സംബന്ധിച്ച സംശയങ്ങൾ ശക്തമായതോടെയാണ് ടെക് ഓഹരികളിൽ വിൽപന സമ്മർദം ഉടലെടുത്തത്.

വരും ദിവസങ്ങളിലും ഈ ആശങ്കയിൽ ഓഹരി വിപണികൾ തകർന്നാൽ സുരക്ഷിത നിക്ഷേപമായ സ്വർണത്തിന് അത് ഗുണകരമാവും.

സ്പോർട്സ്

www.peoplesreview/sports.co.in

FOOTBALL CRICKET BASKETBALL VOLLEYBALL

സൂപ്പർ ലീഗ് കേരളയിൽ കുതിപ്പ് തുടർന്ന് കാലിക്കറ്റ്; തൃശൂർ സെമി കാണാതെ പുറത്ത്



കോഴിക്കോട്: സ്വന്തം തട്ടകമായ കോർപറേഷൻ സ്റ്റേഡിയത്തിൽ തൃശൂർ മാജിക് എഫ്സി എതിരില്ലാത്ത മൂന്ന് ഗോളിന് തോൽപ്പിച്ച് കാലിക്കറ്റ് എഫ്സി. ഇതോടെ തൃശൂർ സൂപ്പർ ലീഗ് കേരളയിൽ സെമി കാണാതെ പുറത്തായി. ഒരു മത്സരം ശേഷിക്കെയാണ് തൃശൂരിന് പുറത്തേക്കുള്ള വഴിതുറന്നത്. കാലിക്കറ്റ് എഫ്സിക്കായി മാക്സിമിലിയാനോ,ലിയോ ഡേവിഡ്, ആൻഡ്രൂസ് എന്നിവർ സ്കോർ ചെയ്തു. ഒൻപത് കളികളിൽ 23 പോയന്റുമായി കാലിക്കറ്റ് ഒന്നാം സ്ഥാനത്ത് തുടരുന്നു. ഇത്രയും കളികളിൽ ഏഴ് പോയന്റ് മാത്രമുള്ള തൃശൂരിന് മടക്കം.

12-ാം മിനിറ്റിൽ ബോക്സിന് പുറത്തുനിന്നുള്ള അഫ്സലിന്റെ ബൈസിക്കിൾ കിക്ക് കാലിക്കറ്റ് ഗോൾകീപ്പർ മിർഷാദ് കൈപ്പിടിയിലൊതുക്കിയതോടെയാണ് മത്സരം ആവേശത്തിലേക്ക് കടന്നത്. മൂന്ന് മിനിറ്റിനകം കാലിക്കറ്റ് ലീഡെടുത്തു. അരുൺകുമാറിന്റെ പാസ് സ്വീകരിച്ച് മുന്നേറിയ മാക്സിമിലിയാനോ, മൂന്ന് പ്രതിരോധതാരങ്ങളെ മറികടന്ന് ബോക്സിലേക്ക് കയറി, ഗോൾകീപ്പർ കമാലുദ്ധീനെ കബളിപ്പിച്ച് പന്ത് വലയിലെത്തിച്ചു (10). 29ാം മിനിറ്റിൽ ലിയോ ഡേവിഡിന്റെ ശക്തിയേറിയ ഗ്രൗണ്ടർ കൃത്യമായ ടൈമിംഗും ഡൈവിങ്ങുമായി തൃശൂർ ഗോൾകീപ്പർ കമാലുദ്ധീൻ തടുത്തിട്ടു. തൊട്ടുപിന്നാലെ തൃശൂരിന് സമനിലയ്ക്കുള്ള സുവർണാവസരം. വാലന്റൈനിന്റെ ശ്രമം ക്രോസ് ബാറിൽ തട്ടിത്തെറിച്ചു. ആദ്യപകുതി കാലിക്കറ്റിന്റെ ഒരു ഗോൾ ലീഡിൽ അവസാനിച്ചു.രണ്ടാംപകുതി തുടങ്ങി ഒന്നാം മിനിറ്റിൽ തന്നെ കാലിക്കറ്റിന്റെ ആക്രമണം. വലതുവിങ്ങിൽ നിന്ന് ആൻഡ്രൂസ് നൽകിയ ക്രോസ് പ്രശാന്ത് പോസ്റ്റിലേക്ക് തിരിച്ചുവിട്ടെങ്കിലും ഗോൾകീപ്പർ കമാലിന്റെ കൈകളിൽ വിശ്രമിച്ചു. 52-ാം മിനിറ്റിൽ കാലിക്കറ്റ് ലീഡ് രണ്ടാക്കി. പ്രശാന്തിലൂടെ ബോക്സിലേക്ക് വന്ന പന്ത് മാക്സിമിലിയാനോ ലിയോ ഡേവിഡിന് മറിച്ചുനൽകി, അവസരം കാത്തിരുന്ന ബ്രസീലുകാരൻ പിഴവ് വരുത്തിയില്ല (20). 79ാം മിനിറ്റിൽ ആൻഡ്രൂസ് മൂന്നാം ഗോൾനേടി പട്ടിക പൂർത്തിയാക്കി (30). പത്താം റൗണ്ടിലെ ആദ്യ മത്സരത്തിൽ ബുധനാഴ്ച കണ്ണൂർ വാരിയേഴ്സ് എഫ്സി, മലപ്പുറം എഫ്സിയെ നേരിടും.

മാഞ്ചസ്റ്റർ യുണൈറ്റഡിനെ തകർത്ത് ലിവർപൂൾ



ലണ്ടൻ: പ്രീമിയർ ലീഗിൽ മാഞ്ചസ്റ്റർ യുണൈറ്റഡിനെ തകർത്ത് ലിവർപൂൾ. ആൻഫീൽഡിൽ നടന്ന മത്സരത്തിൽ എതിരില്ലാത്ത നാല് ഗോളുകൾക്കായിരുന്നു ലിവർപൂളിന്റെ വിജയം. ഡൊമിനിക് സോബോസ്ലായ്, ഫ്ലോറിയൻ വിയറ്റ്സ്, റിയോ എൻഗുമോഹ, പകരക്കാരനായി ഇറങ്ങിയ വിക്ടർ മുനോസ് എന്നിവരാണ് ലിവർപൂളിനായി ഗോളുകൾ നേടിയത്. മത്സരത്തിന്റെ എട്ടാം മിനിറ്റിൽ ലെനി യോറോ ചുവപ്പുകാർഡ് കണ്ട് പുറത്തായതോടെ പത്ത് പേരുമായാണ് യുണൈറ്റഡിന് കളി പൂർത്തിയാക്കേണ്ടിവന്നത്. യുണൈറ്റഡിന്റെ പുതിയ പരിശീലകനായി ചുമതലയേറ്റ മൗറീഷ്യോ പോച്ചെറ്റീനോയ്ക്ക് ആദ്യ മത്സരം തന്നെ കനത്ത തിരിച്ചടിയായി.

തുടക്കം മുതൽ ആക്രമണ ഫുട്ബോൾ പുറത്തെടുത്ത ലിവർപൂൾ, യുണൈറ്റഡിന്റെ പ്രതിരോധത്തിലെ പിഴവുകൾ മുതലെടുക്കുകയായിരുന്നു. എട്ടാം മിനിറ്റിലാണ് മത്സരത്തിലെ നിർണായക സംഭവം. പ്രതിരോധതാരം മാത്യാസ് ഡി ലിഗ്റ്റിന്റെ പിഴവിനെത്തുടർന്ന് പന്തുമായി മുന്നേറിയ അലക്സാണ്ടർ ഇസാക്കിനെ ഫൗൾ ചെയ്ത ലെനി യോറോയ്ക്ക് റഫറി ചുവപ്പുകാർഡ് നൽകി. ഇതോടെ യുണൈറ്റഡ് പത്ത് പേരായി ചുരുങ്ങി. തുടർന്നുള്ള ഫ്രീകിക്കിലൂടെ പത്താം മിനിറ്റിൽ ഡൊമിനിക് സോബോസ്ലായ് ലിവർപൂളിനെ മുന്നിലെത്തിച്ചു. മൂന്ന് മിനിറ്റിനുശേഷം ഫ്ലോറിയൻ വിയറ്റ്സ് രണ്ടാം ഗോളും നേടി. റിയോ എൻഗുമോഹ നൽകിയ ക്രോസിൽനിന്നായിരുന്നു വിർട്സിന്റെ മനോഹരമായ ഫിനിഷിങ്.

രണ്ടാം പകുതിയിലും ലിവർപൂളിന്റെ ആക്രമണത്തിന് കുറവുണ്ടായില്ല. 66-ാം മിനിറ്റിൽ ബ്രാഡ്ലി ബാർക്കോളയുടെ പാസിൽനിന്ന് റിയോ എൻഗുമോഹ മൂന്നാം ഗോൾ നേടി. മത്സരത്തിലുടനീളം യുണൈറ്റഡ് പ്രതിരോധത്തിന് വലിയ വെല്ലുവിളി ഉയർത്തിയ എൻഗുമോഹയുടെ പ്രകടനത്തിന് ഈ ഗോൾ അർഹിച്ച അംഗീകാരമായി. 82-ാം മിനിറ്റിൽ പകരക്കാരനായി ഇറങ്ങിയ വിക്ടർ മുനോസ് ലിവർപൂളിന്റെ നാലാം ഗോളും കണ്ടെത്തി. ഫ്ലോറിയൻ വിയറ്റ്സിന്റെ മികച്ച പാസിൽനിന്നായിരുന്നു മുനോസിന്റെ ഗോൾ.

മത്സരത്തിൽ തിരിച്ചുവരാൻ യുണൈറ്റഡ് ചില ശ്രമങ്ങൾ നടത്തിയെങ്കിലും ലിവർപൂൾ പ്രതിരോധവും ഗോൾകീപ്പർ അലിസണും അതിന് അവസരം നൽകിയില്ല. ബ്രൂണോ ഫെർണാണ്ടസിന്റെ ഷോട്ട് അലിസൻ രക്ഷപ്പെടുത്തിയതും ശ്രദ്ധേയമായി. ജയത്തോടെ ലിവർപൂൾ പോയിന്റ് പട്ടികയിൽ നാലാം സ്ഥാനത്തേക്ക് ഉയർന്നു. 11 മത്സരങ്ങളിൽനിന്ന് എട്ട് പോയിന്റ് മാത്രമുള്ള മാഞ്ചസ്റ്റർ യുണൈറ്റഡ് 19-ാം സ്ഥാനത്താണ്. പുതിയ പരിശീലകനു കീഴിൽ മികച്ച തിരിച്ചുവരവ് പ്രതീക്ഷിച്ച ആരാധകർക്ക് കനത്ത നിരാശ നൽകുന്നതായി ആൻഫീൽഡിലെ തോൽവി.

മത്സരശേഷം ചുവപ്പുകാർഡ് തീരുമാനത്തിനെതിരെ പോച്ചെറ്റീനോ രംഗത്തെത്തി. യോറോയ്ക്ക് നൽകിയ ചുവപ്പുകാർഡ് അനാവശ്യമാണെന്നും അതിനു തൊട്ടുമുൻപ് ബ്രയാൻ എംബ്യൂമോയ്ക്കെതിരായ ഫൗളിന് യുണൈറ്റഡിന് പെനാൽറ്റി ലഭിക്കേണ്ടതായിരുന്നുവെന്നും അദ്ദേഹം പ്രതികരിച്ചു.

അതേസമയം, ടീമിന്റെ പ്രകടനത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതായും കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്നും പരിശീലകൻ വ്യക്തമാക്കി.

വൻമതിൽ തീർത്ത് ഫിലിപ്സും മിച്ചലും; വെല്ലിങ്ടൺ ടെസ്റ്റ് സമനിലയിൽ



വെല്ലിങ്ടൺ: ന്യൂസിലൻഡിനെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ സമനില പൊരുതി നേടി ന്യൂസിലൻഡ്.

352 റൺസിന്റെ കൂറ്റൻ ഒന്നാം ഇന്നിങ്സ് ലീഡ് വഴങ്ങി ബാറ്റിങ് തുടങ്ങിയ ആതിഥേയർ അഞ്ചാംദിനം 239-5 എന്ന നിലയിൽ നിൽക്കെ കളി അവസാനിക്കുകയായിരുന്നു. ഡാരൽ മിച്ചലിന്റേയും (186 പന്തിൽ 49)ഗ്ലെൻ ഫിലിപ്സിന്റേയും(126 പന്തിൽ 26) ചെറുത്തുനിൽപ്പാണ് സമനിലയൊരുക്കിയത്.

രണ്ടിന് 119 എന്ന നിലയിൽ അവസാന ദിനം ബാറ്റിങ്ങിനിറങ്ങിയ കിവീസിനെ ഡെവോൺ കോൺവേയുടെ വിക്കറ്റാണ്(65) ആദ്യം നഷ്ടമായത്. പിന്നാലെ രചിൻ രവീന്ദ്രയെ(37) പ്രസിദ്ധ് കൃഷ്ണ മടക്കിയതോടെ ഇന്ത്യക്ക് പ്രതീക്ഷവെച്ചു.

എന്നാൽ ആറാം വിക്കറ്റിൽ ഒത്തുചേർന്ന ഫിലിപ്സ്-മിച്ചൽ അപരാജിത കൂട്ടുകെട്ട് ന്യൂസിലൻഡിനെ തോൽവിയിൽ നിന്ന് രക്ഷിച്ചു. ഇന്ത്യക്കായി പ്രസിദ്ധ് കൃഷ്ണ രണ്ട് വിക്കറ്റെടുത്തപ്പോൾ അൻഷുൽ കാംബോജും വാഷിംഗ്ടൺ സുന്ദറും ജസ്പ്രീത് ബുംറയും ഓരോ വിക്കറ്റ് വീതം വീഴ്ത്തി. ആദ്യ ഇന്നിംഗ്സിൽ 175 റൺസെടുത്ത് ന്യൂസിലൻഡിന് തകർച്ചയിൽ നിന്ന് കരകയറ്റിയ ഹെൻറി നിക്കോൾസാണ് കളിയിലെ താരം. രണ്ട് മത്സര പരമ്പരയിലെ രണ്ടാം ടെസ്റ്റ് വെള്ളിയാഴ്ച ക്രൈസ്റ്റ്ചർച്ചിൽ ആരംഭിക്കും. സ്കോർ ന്യൂസിലൻഡ് 368, 239-5, ഇന്ത്യ 720-9.

കെഎഎസിൽ സമഗ്ര മാറ്റം നിർദേശിച്ച് സർക്കാർ; ഉദ്യോഗാർഥികളെ ബാധിക്കുന്നത് ഇങ്ങനെ

തിരുവനന്തപുരം: കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ (കെഎഎസ്) സമഗ്ര മാറ്റങ്ങൾ നിർദേശിച്ച് സംസ്ഥാന സർക്കാർ കരട് വിജ്ഞാപനം പുറത്തിറക്കിയിരിക്കുകയാണ്. 2018ലെ കെഎഎസ് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനമാണ് പുറത്തിറക്കിയത്. കെഎഎസ് ഉദ്യോഗസ്ഥരുടെ നിയമനം, കേഡർ ഘടന, സ്ഥാനക്കയറ്റം, പരിശീലനം, ശമ്പളം തുടങ്ങിയ മേഖലകളിലാണ് പ്രധാന മാറ്റങ്ങൾ നിർദേശിച്ചത്. നിലവിലെ നിയമനരീതിയിൽ ഉൾപ്പെടെ മാറ്റങ്ങൾ വരുത്താൻ ലക്ഷ്യമിടുന്ന ഭേദഗതി ഉദ്യോഗാർഥികളെയും നിലവിൽ സർവീസിലുള്ള കെഎഎസ് ഉദ്യോഗസ്ഥരെയും ഒരുപോലെ ബാധിച്ചേക്കും.

പുതിയ ഭേദഗതിയുടെ ഭാഗമായി 29 വകുപ്പുകളിലെ രണ്ടാം ഗസറ്റഡ് തസ്തികകളിൽ 10 ശതമാനം കെഎഎസിനായി മാറ്റിവയ്ക്കണമെന്ന നിലവിലെ വ്യവസ്ഥ ഒഴിവാക്കാനാണ് നിർദേശം. പകരം, ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം തസ്തികകളിലാണ് കെഎഎസ് ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതെന്ന് സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കും. ഇതോടെ കെഎഎസിൽ ഉൾപ്പെടുത്തുന്ന തസ്തികകളുടെ കാര്യത്തിൽ സർക്കാരിന് കൂടുതൽ അധികാരം ലഭിക്കും. ഇതിലൂടെ പുതിയ തസ്തികകൾ കണ്ടെത്തി കെഎഎസ് നിയമനത്തിന് അവസരമൊരുക്കാനാണ് ലക്ഷ്യമിടുന്നത്.

സ്ഥാനക്കയറ്റത്തിലും മാറ്റം

കെഎഎസ് ഉദ്യോഗസ്ഥർക്ക് ഐഎഎസിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥയിലും മാറ്റം നിർദേശിച്ചിട്ടുണ്ട്. എട്ട് വർഷത്തെ സർവീസ് പൂർത്തിയാക്കുന്ന കെഎഎസ് ഉദ്യോഗസ്ഥരെ ഐഎഎസിലേക്ക് പരിഗണിക്കാമെന്ന നിലവിലെ വ്യവസ്ഥ ഒഴിവാക്കാനാണ് കരടിലെ നിർദേശം. ഇത് നിലവിൽ സർവീസിലുള്ള ഉദ്യോഗസ്ഥരെയും ഭാവിയിൽ കെഎഎസിലേക്ക് എത്തുന്നവരെയും സംബന്ധിച്ച് പ്രധാനപ്പെട്ട മാറ്റമാണ്.

കെഎഎസ് നിയമനത്തിനുള്ള മത്സരപരീക്ഷയുടെ രീതി സർക്കാർ കാലാകാലങ്ങളിൽ പ്രത്യേക ഉത്തരവുകളിലൂടെ തീരുമാനിക്കും. ഇക്കാര്യത്തിൽ കേരള പബ്ലിക് സർവീസ് കമ്മിഷനുമായി കൂടിയാലോചന നടത്തണമെന്നും നിർദേശമുണ്ട്. ഉദ്യോഗസ്ഥർ പൂർത്തിയാക്കേണ്ട വകുപ്പുതല പരീക്ഷകളും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കും.

കേഡർ ഘടന സർക്കാർ തീരുമാനിക്കും

കെഎഎസ് കേഡറിൽ ഉൾപ്പെടുത്തേണ്ട തസ്തികകളും ആകെ അംഗബലവും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന രീതിയാണ് പുതിയ ഭേദഗതിയിൽ നിർദേശിച്ചിരിക്കുന്നത്. കേഡർ ഘടന നിശ്ചിത ഇടവേളകളിൽ പുനഃപരിശോധിക്കാനും വ്യവസ്ഥയുണ്ട്. ഇതിലൂടെ വിവിധ വകുപ്പുകളിലെ തസ്തികകൾ കെഎഎസിന്റെ ഭാഗമാക്കുന്നതിൽ സർക്കാരിന് കൂടുതൽ നിയന്ത്രണം ലഭിക്കും.

ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ച വ്യവസ്ഥകളിലും മാറ്റം വരുത്താൻ നിർദേശമുണ്ട്

സ്ട്രീം 2, സ്ട്രീം 3 നിയമനത്തിൽ മാറ്റം

കെഎഎസിലെ സ്ട്രീം 2, സ്ട്രീം 3 വിഭാഗങ്ങളിലേക്കുള്ള നിയമന യോഗ്യതകളിലും മാറ്റങ്ങൾ നിർദേശിച്ചിട്ടുണ്ട്. സ്ട്രീം 2 വിഭാഗത്തിൽ അപേക്ഷിക്കുന്നവർ ഏതെങ്കിലും സർക്കാർ വകുപ്പിൽ ഫുൾ മെമ്പറോ അംഗീകൃത പ്രൊബേഷണറോ ആയിരിക്കണം. ഒന്നാം ഗസറ്റഡ് ഓഫീസറോ അതിനു മുകളിലുള്ള തസ്തികയിലോ ജോലി ചെയ്യുന്നവർക്ക് ഈ വിഭാഗത്തിൽ അപേക്ഷിക്കാനാകില്ല.

സ്ട്രീം 3 വിഭാഗത്തിൽ ഒന്നാം ഗസറ്റഡ് തസ്തികയിലോ അതിനു മുകളിലോ ജോലി ചെയ്യുന്നവരിൽനിന്ന് നേരിട്ടുള്ള നിയമനം നടത്താം. എന്നാൽ, ബന്ധപ്പെട്ട തസ്തികയോ അതിന്റെ തൊട്ടടുത്ത പ്രൊമോഷൻ തസ്തികയോ കെഎഎസ് ഉദ്യോഗസ്ഥരെ നിയമിക്കാൻ സർക്കാർ മാറ്റിവച്ചിട്ടുള്ളതായിരിക്കണം. സ്ട്രീം 3 നിയമനത്തിന് ശേഷം തസ്തികകളിൽ സർക്കാർ പിന്നീട് വരുത്തുന്ന മാറ്റങ്ങൾ നിലവിൽ നിയമനം ലഭിച്ച ഉദ്യോഗസ്ഥരെ ബാധിക്കില്ലെന്നും കരടിൽ പറയുന്നു.സ്ട്രീം 1 വഴി തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർഥികളുടെ സ്വഭാവവും പൂർവചരിത്രവും നിയമനത്തിന് മുമ്പ് പരിശോധിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സർക്കാർ സർവീസിൽ നേരത്തേ ജോലി ചെയ്ത് സർവീസ് ക്രമപ്പെടുത്തിയിട്ടുള്ളവർക്ക് ഇതിൽ പ്രത്യേക ഇളവുണ്ട്.

പരിശീലനത്തിലും ശമ്പളത്തിലും മാറ്റം

പുതുതായി നിയമിക്കപ്പെടുന്ന കെഎഎസ് ഉദ്യോഗസ്ഥരുടെ പരിശീലന കാലയളവിലും മാറ്റം നിർദേശിച്ചിട്ടുണ്ട്. 18 മാസമോ സർക്കാർ തീരുമാനിക്കുന്ന മറ്റൊരു കാലയളവിലോ പരിശീലനം നൽകാമെന്നാണ് കരട് ഭേദഗതിയിലെ വ്യവസ്ഥ. പരിശീലനത്തിന്റെ വിശദാംശങ്ങൾ സർക്കാർ പ്രത്യേക ഉത്തരവിലൂടെ തീരുമാനിക്കും. ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ച വ്യവസ്ഥകളിലും മാറ്റം വരുത്താൻ നിർദേശമുണ്ട്. ശമ്പള പരിഷ്കരണ കമ്മിഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിലോ അല്ലാതെയോ സർക്കാരിന് കാലാകാലങ്ങളിൽ ശമ്പളം തീരുമാനിക്കാമെന്നതാണ് നിർദേശം.

റിസർവ് വ്യവസ്ഥകളിലും മാറ്റം

കെഎഎസ് കേഡറിന്റെ ആകെ അംഗബലത്തിന്റെ 15 ശതമാനം പരിശീലന റിസർവായും 25 ശതമാനം ഡെപ്യൂട്ടേഷൻ റിസർവായും അനുവദിക്കാനും കരട് ഭേദഗതിയിൽ വ്യവസ്ഥയുണ്ട്. നിയമന പരീക്ഷയുടെ രീതി, ഉദ്യോഗസ്ഥർ വിജയിക്കേണ്ട വകുപ്പുതല പരീക്ഷകൾ എന്നിവ സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്ന രീതിയും നിർദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേരള പബ്ലിക് സർവീസ് കമ്മിഷനുമായി കൂടിയാലോചന നടത്തണമെന്നും കരടിൽ പറയുന്നു.

അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കാം

2018ലെ കെഎഎസ് സ്പെഷ്യൽ റൂൾസിൽ സമഗ്ര മാറ്റങ്ങൾ ലക്ഷ്യമിട്ടുള്ള കരട് ഭേദഗതിയാണിത്. സർക്കാർ പ്രസിദ്ധീകരിച്ച കരടിന്മേൽ പൊതുജനങ്ങൾക്കും ബന്ധപ്പെട്ടവർക്കും അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കാൻ നവംബർ 25 വരെ സമയമുണ്ട്. നിർദേശങ്ങൾ പരിഗണിച്ച ശേഷമായിരിക്കും ഭേദഗതി സംബന്ധിച്ച തുടർനടപടികൾ.

കെഎഎസ് നിയമനരീതിയിലും ഉദ്യോഗസ്ഥരുടെ കരിയർ പുരോഗതിയിലും സ്വാധീനം ചെലുത്താവുന്ന നിർദേശങ്ങളാണ് പുതിയ കരടിലുള്ളത്. എന്നാൽ, ഭേദഗതികൾ അന്തിമമായി അംഗീകരിച്ച് വിജ്ഞാപനം ചെയ്യുന്നതുവരെ ഇവ നിർദേശങ്ങൾ മാത്രമായിരിക്കും. അതിനാൽ ഉദ്യോഗാർഥികൾ നിലവിലുള്ള നിയമങ്ങളും യോഗ്യതാ വ്യവസ്ഥകളും അടിസ്ഥാനമാക്കിയാണ് തീരുമാനങ്ങളെടുക്കേണ്ടത്.

രണ്ടാം കെഎഎസ് ബാച്ചിന്റെ റാങ്ക് പട്ടികയുടെ കാലാവധി 2027 ജനുവരി 30ന് അവസാനിക്കാനിരിക്കെയാണ് ഈ ഭേദഗതി നിർദേശങ്ങൾ വന്നിരിക്കുന്നത്. 100 പേരുള്ള റാങ്ക് പട്ടികയിൽ നിന്ന് ഒരാളെ മാത്രമാണ് ഇതുവരെ നിയമിച്ചത്. കൂടുതൽ പേർക്ക് നിയമനം നൽകാണ് സർക്കാർ ലക്ഷ്യമിടുന്നത്. എന്നാൽ തസ്തികകളുടെ സംവരണവും ഐഎഎസ് സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട വ്യവസ്ഥകളും ഒഴിവാക്കാനുള്ള നീക്കം ഉദ്യോഗാർഥികൾക്കിടയിൽ ആശങ്കയ്ക്ക് ഇടയാക്കിയിട്ടുണ്ട്.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, GS Binaya Building RC Road calicut - 673001, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.